KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# MICE 2.0

## MAR ELIAS INFORMATION AND COMMUNICATION FOR EDUCATION

DIGITAL MAGAZINE

# Mar Elias Information and Communication for Education

## മാർ ഏലിയാസ് ഹയർ സെക്കണ്ടറി സ്കൂൾ

## കോട്ടപ്പടി

# ആശംസ



പ്രിയ വിദ്യാർഥികളെ,

ലോകം മുഴുവൻ ഡിജിറ്റൽ സാങ്കേതിക വിദ്യയിലേക്ക് ചേക്കേറുമ്പോൾ അതിന്റെ ഭാഗമായ മാറ്റം നമ്മളും ഉൾക്കൊള്ളേണ്ടിയിരുന്നു. ഈ ഒരു മാറ്റത്തിന്റെ ചുവടുപിടിച്ച് നമ്മുടെ വിദ്യാലയം തയ്യാറാക്കുന്ന **MICE 2.0** എന്ന ഡിജിറ്റൽ മാഗസീന് എല്ലാ വിധ ആശംസകളും നേരുന്നതിനോടൊപ്പം ഇതിനു പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർഥികൾക്കുംഎന്റെ ഹൃദയംഗമമായ ആശംസകൾ.

എന്ന്:

താര എ. പോൾ

ഹെഡ്മിസ്ട്രസ്

# എഡിറ്റോറിയൽ

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിലൂടെ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ പുത്തൻ പാതയിലൂടെ സഞ്ചരിക്കുകയാണ് സ്ക ൂളുകൾ. വിവര സാങ്കേതിക വിദ്യയുടെ ചിറകിലേറ്റി വിജ്ഞാനത്തിന്റെ അനന്തമായ ആകാശത്ത് പാറിപ്പറക്കുകയാണ് വിദ്യാഥികൾ. കേരളത്തിലെ വിദ്യാർഥികൾ. വിവര സാങ്കേതിക വിദ്യ സാമൂഹിക പുരോഗതിയും മനുഷ്യനന്മയ്ക്കും ജ്ഞാനനിർമിതിക്കും ഉപയുക്തമാകുന്നതിന് സാധിക്കുന്ന തരത്തിലേക്ക് വളർന്നിരിക്കുന്നു. ഡിജിറ്റൽ ഇന്ത്യ എന്ന ആശയത്തിന് മുമ്പേ നടന്ന് ഡിജിറ്റൽ കേരളമെന്ന മഹത്തായ സ്വപ് നം സാക്ഷാത്കരിച്ചിരിക്കുന്നു. നമ്മുടെ സംസ്ഥാനം ഈ അവസരത്തിലാണ് കോട്ടപ്പടി മാർ ഏലിയാസ് ന്റെ ലിറ്റിൽകൈറ്റ്സ് വിദ്യാർഥികൾ (2019-20) **MICE 2.0 (MAR ELIAS INFORMATION AND COMMUNICATION FOR THE EDUCATION)** ന് രൂപം നൽകുന്നത്. വിദ്യാർഥികളുടെ ഭാവനയും കലാപരമായ കഴിവുകളും സമഗ്രമായ് അവതരിപ്പിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഡിജിറ്റൽ യുഗത്തിൽ ജീവിക്കുന്ന നമ്മുടെ സ്കൂളിലെ കുട്ടികളുടെ സ്വർഗാത്മകതയുടെ പ്രതിഫലനമാണ് ഈ മാഗസ്സിൻ.

**എം.എസ്.ഗിരിഭാസ്കർ**

**എഡിറ്റർ**



# Contents


| | |
|---|---|
| മലയാളം | 8-35 |
| കൈറ്റ് | 9-10 |
| കേരളത്തിന്റെ ഭൂമിശാസ്ത്രം | 11-14 |
| മലയാളം | 15-17 |
| കമല സുരയ്യ കൃതികൾ | 18-19 |
| വയലാർ അവാർഡ് ലഭിച്ച കൃതികളും അവയുടെ കർത്താക്കളും | 20-21 |
| ശ്രീനിവാസ രാമാനുജൻ | 22-23 |
| കെ.വി. മോഹൻകുമാർ | 24 |
| മോഹിനിയാട്ടം | 25-26 |
| സോഫിയ (റോബോട്ട്) | 27 |
| നെൽസൺ മണ്ടേല | 28-29 |
| കണ്ണീർമഴ | 30 |
| സ്നേഹം | 31-35 |
| കേരളത്തിലെചുമർ ചിത്രങ്ങൾ | 36 |
| ENGLISH | 37-47 |
| English language | 37-38 |
| WILLAM SHAKESPERE | 39-41 |
| Oscar Wilde | 42 |

| | |
|---|---|
| J. K. Rowling | 43-44 |
| Aristotle | 45 |
| Visual Arts & Literature | 46-47 |
| Technology | 48-73 |
| ubuntu | 46-50 |
| ARTIFICIALINTELLIGENCE | 51 |
| Virtual reality (VR) | 52-53 |
| Mark Zuckerberg | 54 |
| PEPPER ROBOT | 55 |
| Steve Jobs | 56 |
| Video game | 57 |
| Computer security threats | 58 |
| Canon | 59 |
| Guinness World Record | 60 |
| SONY | 61 |
| ENVIRONMENTAL POLLUTION | 62 |
| BILL GATES | 63 |
| KERALA PLASTIC BAN | 64-65 |
| Adidas | 66-67 |
| The Wise Man | 68 |
| Parker Solar Probe | 69-70 |
| Great 11 Mathematicians of all time | 71-73 |
| | |

| | |
|---|---|
| **sports** | **74-77** |
| **Banana Kick** | **74** |
| **Pele** | **75** |
| **Diffrent types of balls** | **76-77** |
| **HINDI** | **78-82** |
| **ए. पी. जे. अब्दुल कलाम** | **78-79** |
| **महेंद्र सिंह धोनी** | **80-81** |
| **रबीन्द्रनाथ ठाकुर** | **82** |
| **MEHSS 2019- 20** | **83-87** |




# മലയാളം

# കൈറ്റ്

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സർക്കാർ കമ്പനിയാണ് **കൈറ്റ്** (പൂർണ്ണനാമം:കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ). പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ ആദ്യത്തെ സർക്കാർ കമ്പനിയാണിത്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ ഐ.ടി@സ്കൂൾ പ്രോജക്ട് ആണ് കൈറ്റ് ആയി മാറിയത്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കൂടി ലക്ഷ്യമിടുന്ന കൈറ്റിന്റെ പ്രവർത്തനമേഖല കമ്പനി രൂപീകരണത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കും വ്യാപിപ്പിച്ചു. നവകേരള മിഷൻ തുടങ്ങിയശേഷം രൂപീകൃതമാകുന്ന ആദ്യത്തെ പ്രത്യേക ഉദ്ദേശ്യ കമ്പനിയും 'കൈറ്റ്' ആണ്. ഒരു സെക്ഷൻ 8 കമ്പനിയായാണ് കൈറ്റ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2001 ലാണ് ഐടി@സ്കൂൾ പ്രോജക്ട് രൂപീകരിച്ചത്. 2005 ൽ പത്താംക്ലാസിൽ ഐടി പാഠ്യവിഷയമായതും എഡ്യൂസാറ്റ് സംവിധാനവും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നടപ്പാക്കിയതും ഐടി@സ്കൂളിനെ ശ്രദ്ധേയമാക്കി. 2008 എസ്എസ്എൽസി പരീക്ഷ പൂർണമായും സ്വതന്ത്രസോഫ്റ്റ്വെയറിലേക്കുമാറി.

## ഹൈടെക് സ്കൂൾ

നവകേരള മിഷനു കീഴിലുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനായി 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏകദേശം 45000 ക്ലാസ്മുറികൾ ഹൈടെക് നിലവാരത്തിലെത്തിക്കുന്നതിനുള്ള പദ്ധതിയാണ് ഹൈടെക് സ്കൂൾ. ഈ പദ്ധതി വഴി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഓരോ ക്ലാസ്മുറിയിലും ഒരു ലാപ്ടോപ്പും മൾട്ടീമീഡിയ പ്രൊജക്ടറും വൈറ്റ് ബോർഡും ശബ്ദസംവിധാനവും വിതരണം ചെയ്യും. പ്രവർത്തനങ്ങളുടെ നിർവഹണങ്ങളുടെ ആദ്യഘട്ടം പൈലറ്റ് പദ്ധതിയായി 2016 സെപ്റ്റംബർ മുതൽ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിൽ നടത്തുകയുണ്ടായി. ഡിജിറ്റൽ ഇന്ററാക്ടീവ് പാഠപുസ്തകം, എല്ലാ വിഷയങ്ങളുടെയും പാഠ്യപഠനത്തിനു സഹായകമാകുന്ന ഡിജിറ്റൽ ഉള്ളടക്ക ശേഖരം, എല്ലാവർക്കും മുഴുവൻ സമയപഠനാന്തരീക്ഷം ഉറപ്പാക്കുന്ന സമഗ്രപോർട്ടൽ, ഇ ലേണിങ്/എം ലേണിങ്/ലേണിങ് മാനേജ്മെന്റ് സംവിധാനം, മൂല്യനിർണയ സംവിധാനങ്ങൾ തുടങ്ങിയവയും ഹൈടെക് സ്കൂളിന്റെ ഭാഗമായി നടപ്പിലാക്കുന്നവയാണ്.

## സമഗ്ര ഇ പോർട്ടൽ

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ക്ലാസ്മുറികളിൽ 1 മുതൽ 12 വരെ ക്ലാസുകളിലെ പഠനത്തിനാവശ്യമായ റിസോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് കൈറ്റ്, സമഗ്ര എന്ന പേരിൽ ഒരു ഇ - പോർട്ടൽ വികസിപ്പിക്കുകയുണ്ടായി. ഈ പോർട്ടലിൽ ഇ - റിസോഴ്സസുകളും പാഠപുസ്തകങ്ങളും ചോദ്യ ശേഖരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ ഈ വിഭവങ്ങൾ ലഭ്യമാണ്.

## ലിറ്റിൽ കൈറ്റ്സ്

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. 2018 ജനുവരി 22-ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് a നിർവ്വഹിച്ചു.

## കൈറ്റ് ഓപ്പൺ ഓൺലൈൻ ലേണിങ് (KOOL)

കേരളത്തിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഓൺലൈനായി പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കൈറ്റ് ആരംഭിച്ച ഓൺലൈൻ പരിശീലന പോർട്ടലാണ് കൈറ്റ് ഓപ്പൺ ഓൺലൈൻ ലേണിങ് (KOOL).സഹായക ഫയലുകളുടെയും വീഡിയോ പഠന വിഭവങ്ങളുടെയും സഹായത്തോടെ നിശ്ചിത കാലയളവിലുള്ള കോഴ്സുകളാണ് പോർട്ടലിൽ നല്കിയിരിക്കുന്നത്. പ്രൊബേഷൻ പൂർത്തീകരിക്കേണ്ട അധ്യാപകർക്കുള്ള പരിശീലന പരിപാടിയാണ് ആദ്യ ഘട്ടത്തിൽ ആരംഭിക്കുന്നത്.



**HASNA MUHAMMED**

**IX-D**

# കേരളത്തിന്റെ ഭൂമിശാസ്ത്രം



കിഴക്ക് പശ്ചിമഘട്ടത്തിൽ തുടങ്ങി പടിഞ്ഞാറ് അറബിക്കടൽ വരെയുള്ള കേരളത്തിന്റെ ഭൂമിശാസ്ത്രം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഏറെ ഭിന്നമാണ്. തെക്കുമുതൽ വടക്കുവരെ ഇടതടവില്ലാതെ വ്യാപിച്ചു കിടക്കുന്ന പശ്ചിമഘട്ട മലനിരകളാണ് കേരളത്തിന്റെ കാലാവസ്ഥ നിയന്ത്രിക്കുന്നത്. പ്രകൃതി നിർമ്മിതമായ ഒരു മതിലുപോലെയാണ് ഈ മലനിരകൾ. പാലക്കാട് ജില്ലയിലെ വാളയാറിൽ മാത്രമാണ് പശ്ചിമഘട്ടം മുറിക്കപ്പെടുന്നത്. വാളയാർ ചുരം എന്ന ഈ ചുരമുള്ളതിനാൽ പാലക്കാട്ടു ജില്ലയിൽ മാത്രം മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്തമായി വരണ്ട കാലാവസ്ഥയാണ്. 580 കിലോമീറ്റർ നീണ്ടുകിടക്കുന്നതാണ് കേരളത്തിന്റെ തീരപ്രദേശം. കോട്ടയം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളൊഴികെ ബാക്കി ജില്ലകളെയെല്ലാം അറബിക്കടൽ സ്പർശിക്കുന്നുണ്ട്.

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ മൂന്നായി തരം തിരിച്ചിരിക്കുന്നു.



- മലനാട് - സമുദ്രനിരപ്പിൽ നിന്ന് 75 മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങൾ. 18653 ച.കി.മീറ്റർ വിസ്തൃതിയുള്ള കേരളത്തിന്റെ 48 ശതമാനവും മലനാടാണ്.
- ഇടനാട് - 7.5 മീറ്ററിനും 75 മീറ്ററിനും ഇടയിൽ ഉയരമുള്ള പ്രദേശങ്ങൾ. ചുവന്ന മണ്ണ് ഈ പ്രദേശത്തിന്റെ പ്രതേകതയാണ്. നെൽകൃഷിക്ക് വളരെ യോജിച്ചതാണ് ഈ മണ്ണ്.
- തീരദേശം - 7.5 മീറ്ററിൽ താഴെ ഉയരമുള്ള പ്രദേശങ്ങൾ. കേരളത്തിൽ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ തീരപ്രദേശത്താണ്. കൊച്ചി, ആലപ്പുഴ എന്നിവ ഇതിനുദാഹരണങ്ങളാണ്. പുരാതന കാലം മുതൽക്കേ കടലുമായി ബന്ധപ്പെട്ട വ്യാപാരം മൂലം വന്ന പ്രത്യേകതയാണ് ഇത്. കേരളത്തിന്റെ വിനോദസഞ്ചാരമേഖലയിൽ തീരദേശം വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്

പ്രാചീനകാലത്ത് കേരളത്തിന്റെ ഏറിയപങ്കും വനങ്ങളായിരുന്നു. ഇന്ന് വനങ്ങളുടെ വിസ്തീർണ്ണം വളരെ കുറഞ്ഞിട്ടുണ്ട്. 1970-ൽ വനസംരക്ഷണനിയമം കൊണ്ട് വന്ന് വനം വച്ചുപിടിപ്പിക്കൽ പദ്ധതികൾ നടത്തുന്നുണ്ട് എങ്കിലും വനമേഖലയിൽ വർദ്ധനവുണ്ടാക്കാനായിട്ടില്ല. വനമില്ലാത്ത ഏക ജില്ല ആലപ്പുഴയാണ്.

## കായലുകൾ

ഉൾനാടൻ ജലാശയങ്ങൾ കേരളത്തിന്റെ പ്രത്യേകതയാണ്. അത്തരം ഒരു ജലാശയവും അതിലൂടെ ഒഴുകുന്ന ഹൌസ്ബോട്ടുകളും കാണാം.കടലുമായി ബന്ധപ്പെട്ട ജലാശയങ്ങളായ കായലുകൾ 34 എണ്ണമാണ് കേരളത്തിലുള്ളത്. ഇവയിൽ 27 എണ്ണം കടലുമായി നേരിട്ട് ബന്ധപ്പെട്ടുകിടക്കുന്നു. 7 എണ്ണം ഉൾനാടൻ ജലാശയങ്ങളാണ്. ഈ കായലുകൾ

ബന്ധിപ്പിക്കുന്ന 448 കി.മീ. നീളം വരുന്ന ഉൾനാടൻ ജലപാതകൾ ഉണ്ട്. അവയിൽ കൊല്ലം മുതൽ കൊടുങ്ങല്ലൂർ വരെയുള്ള ജലപാതയുടെ വികസനം ഇപ്പോൾ നടന്നു വരുന്നു. മിക്ക കായലുകളിലും 24 മണിക്കൂറിൽ രണ്ടു പ്രാവശ്യം വീതം വേലിയേറ്റവും വേലിയിറക്കവും അനുഭവപ്പെടുന്നു. പ്രധാനകായലുകൾ താഴെപറയുന്നവയാണ്: വേളിക്കായൽ, അഷ്ടമുടിക്കായൽ, വേമ്പനാട്ടുകായൽ, കൊടുങ്ങല്ലൂർ കായൽ, കഠിനകുളം കായൽ, അഞ്ചുതെങ്ങുകായൽ, ഇടവാ-നടയറക്കായലുകൾ, പരവൂർ കായൽ, പൊന്നാനിക്കായൽ, കടലുണ്ടി .ഇത് കൂടാതെ നിരവധി ശുദ്ധജല കായലുകൾ കേരളത്തിൽ ഉണ്ട്. തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, മനക്കൊടി എന്നിവ ശുദ്ധജലതടാകങ്ങൾ ആണ്. ഇരിങ്ങാലക്കുടയിലെ മറ്റൊരു കായലായ മുരിയാട് അടുത്തകാലത്തായി ജനശ്രദ്ധയാകർഷിച്ചിട്ടുണ്ട്. കുമ്പള കൽനട്, ബേക്കൽ എന്നിവടങ്ങളിലും കായലുകൾ ഉണ്ട്. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട തടാകമാണ് കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകം., 3.7 ച.കി.മീ വിസ്തീർണ്ണമുള്ള ഈ തടാകത്തിന്റെ ഏറ്റവും കൂടിയ ആഴം 14 മീറ്ററാണ്.

# നദികൾ

കേരളത്തിൽ 44 നദികൾ ഉണ്ട്. 41 എണ്ണം സഹ്യപർവ്വതത്തിൽ നിന്നുത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകുമ്പോൾ മൂന്നെണ്ണം കിഴക്കോട്ടാണ് ഒഴുകുന്നത്. കേരളത്തിലെ നദികൾ പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിച്ച് അറബിക്കടലിൽ പതിക്കുന്നു എന്നകാരണത്താൽ ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെ നദികളെ അപേക്ഷിച്ച് നീളം കുറവാണ്. 244 കി.മീ നീളമുള്ള പെരിയാർ നദിയാണ് കേരളത്തിലെ ഏറ്റവും നീളമുള്ള നദി. രണ്ടാം സ്ഥാനം ഭാരതപ്പുഴക്കും മൂന്നാംസ്ഥാനം പമ്പയാറിനുമാണ്. 100 കി.മീ കൂടുതൽ നീളമുള്ള 11 നദികൾ ഉണ്ട്. പഞ്ചാബിലേയോ ആന്ധ്രാ പ്രദേശിലേയോ പോലെ അതിവിശാലങ്ങളായ പാടശേഖരങ്ങൾ ഇല്ല. മലകളാലോ ചെറുകുന്നുകളാലോ വലയം ചെയ്ത വയലുകളാണധികവും. പറമ്പുകൾ, തോടുകൾ, ചെറുകുന്നുകൾ, മേടുകൾ തുടങ്ങിയ പാടശേഖരങ്ങളേയും ഇടനാട്ടിലേക്കു വരുമ്പോൾ കണ്ടെത്താൻ കഴിയും. തീരപ്രദേശങ്ങളിൽ വയലുകളുടെ വിസ്തൃതി പിന്നെയും കുറയുന്നു.

- പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ: നെയ്യാർ, കരമനയാർ, മാമം നദി, വാമനപുരം നദി, ഇത്തിക്കരയാറ്, അയിരൂർപുഴ, കല്ലടയാർ, പള്ളിക്കലാറ്, അച്ചൻകോവിലാറ്, പമ്പ, മണിമലയാറ്, മീനച്ചിലാറ്, മൂവാറ്റുപുഴ (പുഴ), പെരിയാർ, ചാലക്കുടിപ്പുഴ, കരുവന്നൂർപുഴ, പുഴയ്ക്കലുഴ, കീച്ചേരിപ്പുഴ, ഭാരതപ്പുഴ, തിരൂർപ്പുഴ, കടലുണ്ടിപ്പുഴ (കരിമ്പുഴ), ചാലിയാർ (ബേപ്പൂർപ്പുഴ), കല്ലായിപ്പുഴ, കോരപ്പുഴ, കുറ്റ്യാടിപ്പുഴ, മയ്യഴി, തലശ്ശേരിപ്പുഴ, അഞ്ചരക്കണ്ടിപ്പുഴ, വളപട്ടണംപുഴ, കുപ്പം പുഴ, രാമപുരംനദി, പെരുവമ്പപ്പുഴ, കവ്വായിപ്പുഴ, കാര്യങ്കോടുപുഴ (തേജസ്വിനി), നീലേശ്വരംപുഴ, ചിത്താരിപ്പുഴ, ചന്ദ്രഗിരിപ്പുഴ, മൊഗ്രാൽ, ഷിറിയപ്പുഴ, ഉപ്പള, മഞ്ചേശ്വരംപുഴ.
- കിഴക്കോട്ടൊഴുകുന്ന നദികൾ: കബനി, ഭവാനി പാമ്പാർ.

## ജലോപയോഗപദ്ധതികൾ  പ്രധാന നദീജല പദ്ധതികൾ

| ജലവൈദ്യുത പദ്ധതികൾ | ജില്ല | ബന്ധപ്പെട്ട നദി/നദികൾ |
|---|---|---|
| പള്ളിവാസൽ | ഇടുക്കി | മുതിരപ്പുഴ(പെരിയാർ) |
| ചെങ്കുളം | ഇടുക്കി | മുതിരപ്പുഴ(പെരിയാർ) |
| നേര്യമംഗലം | ഇടുക്കി | മുതിരപ്പുഴ(പെരിയാർ) |
| ഇടുക്കി | ഇടുക്കി | ചെറിയതോണി-പെരിയാർ |
| പെരിങ്ങൽകുത്ത് | തൃശ്ശൂർ | ചാലക്കുടിപ്പുഴ |
| ഷോളയാർ | തൃശ്ശൂർ | ചാലക്കുടിപ്പുഴ |
| പന്നിയാർ | ഇടുക്കി | പെരിയാർ |
| ശബരിഗിരി | പത്തനംതിട്ട | പമ്പ-കക്കി |
| കുറ്റ്യാടി | കോഴിക്കോട് | കുറ്റ്യാടിപ്പുഴ |
| ഇടമലയാർ | എറണാകുളം | ഇടമലയാർ (പെരിയാർ) |
| കല്ലട | കൊല്ലം | കല്ലടനദി |

## പ്രധാന അണക്കെട്ടുകൾ

| അണക്കെട്ട് | സ്ഥലം | നദി |
|---|---|---|
| നെയ്യാർ | തിരുവനന്തപുരം | നെയ്യാർ |
| പെരുവണ്ണാമൂഴി | കൊയിലാണ്ടി | കുറ്റ്യാടി |
| മലമ്പുഴ | ഊരക്കുഴി | ഭാരതപ്പുഴ |
| പീച്ചി | തൃശ്ശൂർ | ഭാരതപ്പുഴ |
| മീൻകര | മീൻകര | ഭാരതപ്പുഴ |
| ചുള്ളിയാർ | ചുള്ളിയാർ | ഭാരതപ്പുഴ |
| പോത്തുണ്ടി | പാലക്കാട് | ഭാരതപ്പുഴ |
| ഷോളയാർ | തൃശ്ശൂർ | ചാലക്കുടിപ്പുഴ |
| പെരിങ്ങൽകുത്ത് | അതിരപ്പിള്ളി, തൃശ്ശൂർ | ചാലക്കുടിപ്പുഴ |
| പറമ്പിക്കുളം | പറമ്പിക്കുളം | ചാലക്കുടിപ്പുഴ |
| ശബരിഗിരി | പത്തനംതിട്ട | പമ്പ |
| വാഴാനി | തൃശ്ശൂർ | കേച്ചേരിപ്പുഴ |

## കടൽത്തീരം

കേരളത്തിൻ 580 കിലോമീറ്റർ നീളത്തിൽ കടൽത്തീരമുണ്ട്. 14 ജില്ലകളിൽ ഒൻപതും കടൽ സാമീപ്യമുള്ളവയാണ്. പ്രശസ്തമായ കോവളവും ഇന്ത്യയിലെ ഏറ്റവും ആഴം കൂടിയ തുറമുഖമായ വിഴിഞ്ഞവും കേരളത്തിലാണ്. ഭാരതത്തിലെ പ്രധാന തുറമുഖങ്ങളിലൊന്നാണ് കൊച്ചി. ഇതുകൂടാതെ

നിരവധി കടൽത്തീരങ്ങൾ വിനോദസഞ്ചാരത്തിനായി ഉപയോഗിക്കപ്പെടുന്നുണ്ട്. കടൽത്തീരത്തു നിന്ന് 320 കി.മീ ദൂരം അന്തർ ദേശിയ ധാരണയനുസരിച്ച് മത്സ്യബന്ധനത്തിനും ചൂഷണത്തിനും ഉപയോഗിക്കപ്പെടുന്നു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാനമാണ് മത്സ്യസമ്പത്ത്. ധാരാളം മത്സ്യങ്ങൾ കേരളത്തിൽ നിന്ന് കയറ്റി അയക്കപ്പെടുന്നു. ഇതിൽ പ്രധാനം ചെമ്മീനും കണവയും ഞണ്ടുമാണ്.

മണ്ണിനങ്ങൾ

1. തേരിമണ്ണ് 2.ലാറ്ററൈറ്റ് 3.എക്കൽ മണ്ണ് 4.ചെളിമണ്ണ്
5.ഉപ്പുമണ്ണ് 6.പരുത്തിക്കരിമണ്ണ് 7.കാട്ടുമണ്ണ്

# വനങ്ങൾ

ക്രി.വ 300 നും 1500 നമിടക്ക് കേരളത്തിൽ നിന്ന് കരിന്താളത്തടികൾ ഈജിപ്തിലേക്ക് കയറ്റി അയച്ചിരുന്നു. ഈ തടി ലഭിച്ചിരുന്ന ഏകസ്ഥലം കേരളമായിരുന്നു. പിന്നീട് ബ്രിട്ടീഷുകാരുടെ കാലത്ത് തേക്ക് മരങ്ങള് വൻതോതിൽ മുറിച്ച് മാറ്റിയിരുന്നതിനാൽ വനമേഖലയിൽ വന്ന കുറവ് നികത്താനായി ബ്രിട്ടീഷുകാർ തേക്കിൻ തോട്ടങ്ങൾ വളർത്താനാരംഭിച്ചു. 1842-ൽ ലോകത്തിലെ ആദ്യത്തെ തേക്കിൻ തോട്ടം നിലമ്പൂരിൽ ആരംഭിച്ചു. കേരളത്തിലെ ആകെ വനപ്രദേശം ഏതാണ്ട് 1100 ച.കി.മീ. ആണ്. (ഇത് വർഷാവർഷം കുറയുന്നതല്ലാതെ കൂടിയിട്ടില്ല) ഈ വനമേഖലകളിലായി 20 വന്യമൃഗസംരക്ഷണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. വനമേഖലകളിൽ നിത്യഹരിതവനങ്ങൾ, കണ്ടൽകാടുകൾ, മഴക്കാടുകൾ, ഇലകൊഴിയും ഈർപ്പവനങ്ങൾ എന്നിവയുണ്ട്.

# പ്രധാന വൃക്ഷങ്ങൾ

അകിൽ, അഗസ്ത്തി, അത്തി, ആഞ്ഞിലി, ആൽമരം, അലസിപ്പൂമരം, അശോകം, ഇത്തി, ഇലഞ്ഞി, ഇലന്ത, ഇലവ്, ഈട്ടി, ഉറക്കളുങ്ങിമരം, കടുക്ക, കണിക്കൊന്ന, കടപ്ലാവ്, കരിങ്ങാലി, കരിമ്പന, കശുമാവ്, കർപ്പൂരമരം, കാഞ്ഞിരം, കാറ്റാടിമരം, കുപ്പമഞ്ഞൾ, കൂവളം, കൊക്കോ, ചന്ദനം, ചെമ്പകം, പുളി, പെരുമരം, ബദാം, പേര, പ്ലാവ്, മഞ്ചാടി, മണിമരുത്, മഹാഗണി, മാഞ്ചിയം, മാവ്, മുരിക്ക്, മുള, രക്തചന്ദനം, വട്ട, വഴന, യൂക്കാലിപ്റ്റസ്, വെന്തേക്ക്, വേങ്ങ, വേപ്പ്, തുടങ്ങിയവയാണ് കേരളത്തിലെ കാടുകളിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട വൃക്ഷങ്ങൾ

**M S GIRIBHASKAR**
**IX-G**



# മലയാളം



**മലയാളം.** ഇത് ദ്രാവിഡ ഭാഷാ കുടുംബത്തിൽപ്പെടുന്നു. ഇന്ത്യയിൽ **ശ്രേഷ്ഠഭാഷാ പദവി** ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം. 2013 മേയ് 23-നു ചേർന്ന കേന്ദ്രമന്ത്രിസഭായോഗമാണ് മലയാളത്തെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചത് .ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് *മലയാളം*. മലയാള ഭാഷ *കൈരളി*, മലനാട്ട് ഭാഷ എന്നും അറിയപ്പെടുന്നു. കേരള സംസ്ഥാനത്തിലെ ഭരണഭാഷയും കൂടിയാണ് മലയാളം. കേരളത്തിനും ലക്ഷദ്വീപിനും പുറമേ തമിഴ്നാട്ടിലെ ചില ഭാഗങ്ങളിലും കിച്ച്ൾ കന്യാകുമാരി ജില്ല, നീലഗിരി ജില്ല മലയാളംകർണാടകയുടെ ദക്ഷിണ കന്നഡ ജില്ലല്ല, കൊടഗ് ഭാഗങ്ങളിലും ഗൾഫ് രാജ്യങ്ങൾ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലെ കേരളീയ പൈതൃകമുള്ള അനേകം ജനങ്ങളും മലയാളം ഉപയോഗിച്ചുപോരുന്നു. ദേശീയ ഭാഷയായി ഉൾപ്പെടുത്തിയത് മറ്റ് 21 ഭാഷകളുടേതു പോലെ തനതായ വ്യക്തിത്വം ഉള്ളതിനാലാണ്. മലയാള ഭാഷയുടെ ഉല്പത്തിയും പ്രാചീനതയും സംബന്ധിച്ച കാര്യങ്ങൾ ഇന്നും അവ്യക്തമാണ്. പഴയ തമിഴ് (കൊടുംതമിഴ്) ആണ് മലയാളത്തിന്റെ ആദ്യ രൂപം എന്നു കരുതുന്നു. യു. എ. ഇ.-യിലെ നാലു ഔദ്യോഗിക ഭാഷകളിൽ ഒന്നു മലയാളം ആണ്.[*അവലംബം ആവശ്യമാണ്*]മലയാളം സംസാരിക്കുന്ന ജനവിഭാഗത്തിനെ പൊതുവായി മലബാറികൾ മലയാളികൾ എന്നു വിളിക്കുമ്പോഴും, ഭാഷയുടെ കേരളീയപാരമ്പര്യം പരിഗണിച്ച് കേരളീയർ എന്നും വിളിച്ചു പോരുന്നു. ലോകത്താകമാനം 3.75 കോടി ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നുണ്ട്.

ദ്രാവിഡഭാഷാ കുടുംബത്തിൽ ഉൾപ്പെടുന്ന മലയാളത്തിന് ഇതര ഭാരതീയ ഭാഷകളായ സംസ്കൃതം, തമിഴ് എന്നീഉദാത്തഭാഷകളുമായി പ്രകടമായ ബന്ധമുണ്ട്. മലയാളം എന്ന പേര് മലകളും സമുദ്രവും ഒത്തു ചേരുന്ന എന്ന അർത്ഥം ഉള്ള മല + ആളം (സമുദ്രം) എന്നീ ദ്രാവിഡ വാക്കുകൾ ചേർന്ന് ഉണ്ടായതാണെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. മല എന്ന പദവും ആൾ, ആളുക എന്ന നപുംസകപദവും ചേർന്നും സന്ധിനിയമമനുസരിച്ച് വിടവടക്കാൻ 'യ'കാരം ചേർന്നുമാണ് മലയാളം ഉണ്ടായതെന്ന് കരുതുന്നു. മലയാൺമ, മലയായ്മ എന്നീ പദങ്ങളും ഇങ്ങനെ ആൺമൈ എന്നതിൽ നിന്നാണെന്ന് മലയാളത്തെ കുറിച്ച് പഠിച്ച വിദേശീയനായ റോബർട്ട് കാൽഡ്വൽ പറയുന്നു. മലയാളം എന്ന പദം (*malayalam*) ഇംഗ്ലീഷിൽ എഴുതിയാൽ അനുലോമവിലോമപദം കൂടിയാണ്; അതായത് ഇരുവശത്ത് നിന്നും വായിച്ചെടുക്കാൻ സാധിക്കുന്ന പദമാണ്.

**ഭാഷാപരിണാമം** മലയാള ഭാഷ സംസ്കൃതത്തിൽ നിന്ന് ഉദ്ഭവിച്ചതാണെന്നും അതല്ല സംസ്കൃതവും തമിഴും കൂടിക്കലർന്ന ഒരു മിശ്രഭാഷയാണെന്നും ആദ്യകാലങ്ങളിൽ വിശ്വസിച്ചിരുന്നു. എന്നാൽ ഗവേഷണങ്ങൾ ഇതിനെയെല്ലാം നിരാകരിക്കുകയും "മലയാളം മലനാട്ടു തമിഴിൽ നിന്ന് ഉദ്ഭവിച്ചു" എന്നും "മലയാളം മൂല ദ്രാവിഡ ഭാഷയിൽ നിന്ന് തമിഴിനൊപ്പം ഉണ്ടായി" എന്നുമുള്ള

രണ്ട് സിദ്ധാന്തങ്ങൾ അവതരിപ്പിക്കപ്പെട്ടു. മലയാള ഭാഷയെക്കുറിച്ച് ആദ്യമായി പഠനം നടത്തുന്നത് സ്കോട്ലന്റ്ധുകാരനായ ഭാഷ ചരിത്രകാരൻ റോബർട്ട് കാൾഡ്വെൽ ആണ്. അദ്ദേഹം മലയാളം തമിഴിന്റെ ശാഖയാണ് എന്നാണ് അഭിപ്രായപ്പെട്ടത്. പുരുഷഭേദ നിരാസം, സംസ്കൃത ബാഹുല്യം എന്നിവ നിമിത്തം മലയാളം, തമിഴിൽ നിന്ന് അകന്നു നിൽക്കുന്നു എന്നാണ് അദ്ദേഹം കരുതിയത്. ഫകാൽഡ്വെല്ലിനെ തുടർന്ന് എ. ആർ. രാജരാജവർമ്മയും മഹാകവി ഉള്ളൂരും മലയാള ഭാഷയുടെ ഉല്പത്തിയെക്കുറിച്ച് പഠിക്കാൻ ശ്രമിച്ചു. രാജരാജവർമ്മ മലൈനാടായ മലയാളത്തിലെ ആദിമ നിവാസികൾ തമിഴർ ആയിരുന്നു എന്നും അവർ ചെന്തമിഴ്, കൊടുന്തമിഴ് എന്നീ രണ്ടു വിഭാഗങ്ങളിലുള്ള ഭാഷ ഉപയോഗിച്ചിരുന്നു എന്നും പലവക കൊടുന്തമിഴുകളിൽ ഒന്നാണ് മലയാളമായിത്തീർന്നതെന്നും അഭിപ്രായപ്പെട്ടപ്പോൾ മലയാളത്തിൽ മൊത്തമായും ഉപയോഗിച്ചിരുന്ന കൊടുന്തമിഴ് സംസ്കൃതത്തിന്റെ സ്വാധീനത്തിനു വഴങ്ങി സ്വന്തമായ വ്യക്തിത്വം പ്രകടിപ്പിച്ചു വിഘടിച്ചു എന്നാണ് ഉള്ളൂർ വിശ്വസിച്ചത്. മലയാളം മദ്ധ്യകാലത്തിനു മുന്നേ തന്നെ വേർ തിരിഞ്ഞിട്ടുണ്ടാവാം എന്ന് എൻ. വി. രാമസ്വാമി അയ്യർ, ടി. ബറുവ, എം. ബി. എമിനൃൂ എന്നീ ഗവേഷകരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ദ്രാവിഡമെന്ന മൂലഭാഷയിൽ നിന്നുണ്ടായതാണ് മലയാളം, തമിഴ്, കന്നഡ, തെലുങ്ക് എന്നീ പ്രധാന ഭാഷകളും തുളു പോലുള്ള അപ്രധാന ഭാഷകളും എന്ന് എല്ലാ ഭാഷാ ശാസ്ത്രജ്ഞരും ഒരുപോലെ അവകാശപ്പെടുന്നു. എന്നാൽ പി.കെ. പരമേശ്വരൻ നായരുടെ അഭിപ്രായത്തിൽ മലയാളവും തമിഴും സ്വതന്ത്ര ഭാഷയായി രൂപപ്പെട്ടു വരുന്ന കാലത്തും കേരളത്തിന് ചോഴ, പാണ്ടി ദേശക്കാരുമായി ബന്ധമുണ്ടായിരുന്നതിനാൽ ശക്തമായ സ്വാധീനം മലയാളത്തിൽ പ്രകടമായി ഉണ്ടായി. രാജശാസനങ്ങളും ഉയർന്നവരുടെ വ്യവഹാരങ്ങളും ചെന്തമിഴ് ആവാൻ കാരണം അതാണ്. എന്നാൽ ഈ സ്വാധീനം രാജാക്കന്മാരിലും മറ്റുമായിരുന്നെങ്കിലും ജനങ്ങളുടെ വ്യവഹാരഭാഷ മലനാട്ടു ഭാഷ തന്നെയായിരുന്നു.

## സാഹിത്യം

മലയാള സാഹിത്യത്തിന്റെ ആദ്യകാലം നാടോടി ഗാനങ്ങളിലൂടെയും, തമിഴ് - സംസ്കൃതം ഭാഷകളിലൂടെയും ആയിരുന്നു വികാസം പ്രാപിച്ചത്. മലയാളത്തിൽ ലഭ്യമായിട്ടുള്ള ഏറ്റവും പുരാതനമായ ലിഖിതം ചേരപ്പെരുമാക്കന്മാരിൽ രാജശേഖര പെരുമാളിന്റെ കാലത്തുള്ളതാണ്. ക്രി. 830-ൽ എഴുതപ്പെട്ടതു എന്നു തിട്ടപ്പെടുത്തിയ വാഴപ്പള്ളി ലിഖിതമാണിത്. ഈ ലിഖിതം കണ്ടെടുത്തത് വാഴപ്പള്ളി മഹാക്ഷേത്രത്തിന്റെ കിഴക്കേനടയിലെ തലവനമഠത്തിൽ നിന്നുമാണ്. പല്ലവഗ്രന്ഥലിപിയിൽ എഴുതപ്പെട്ട വാഴപ്പള്ളി ലിഖിതത്തിൽ ചേരപ്പെരുമാക്കന്മാരുടെ വംശാവലിയും നാമമാത്രമായിട്ടെങ്കിലും കാർഷികവിവരങ്ങളും സംക്ഷിപ്തമായിരുന്നു. ഈ കാലഘട്ടത്തിനു ശേഷം വളർന്നു വന്ന മലയാളസാഹിത്യത്തിനെ ഇപ്രകാരം വേർതിരിച്ചെഴുതാവുന്നതാണ്.

1. തമിഴ് സമ്പ്രദായത്തിൽ പാട്ടുരീതിയിലുള്ള കൃതികൾ
2. സംസ്കൃത സമ്പ്രദായത്തിലുള്ള മണിപ്രവാളം കൃതികൾ
3. മലയാളത്തിലുള്ള സന്ദേശകാവ്യങ്ങൾ, ചമ്പൂക്കൾ, മറ്റു ഭാഷാകൃതികൾ

പാട്ടുരീതിയിൽ എഴുതപ്പെട്ട കൃതികളിൽ പഴക്കമേറിയത് ചീരാമകവിയുടെ രാമചരിതമാണ്. പേരിൽ സൂചിപ്പിക്കുന്നതുപോലെ രാമകഥയാണ് ഇതിവൃത്തമെങ്കിലും യുദ്ധകാണ്ഡത്തിലെ സംഭവങ്ങളുടെ വിവരണങ്ങൾക്കായിരുന്നു പ്രാധാന്യം. സംസ്കൃത കാവ്യപാരമ്പര്യങ്ങളിൽ നിന്നു വിട്ട് തദ്ദേശീയമായ രീതിയിൽ എഴുതപ്പെട്ട കാവ്യം എന്ന നിലയിൽ രാമചരിതം ശ്രദ്ധേയ കൃതിയാണ്. ലീലാതിലകത്തിലും മറ്റും വ്യവസ്ഥചെയ്യുന്ന പാട്ടുരീതിയിലാണു കാവ്യമെങ്കിലും പാരായണാനുഭവത്തിൽ ഒരു തമിഴ് കൃതിയെന്നേ സാമാന്യവായനക്കാരന് തോന്നൂ. തമിഴിന്റെ സ്വാധീനത്തിൽ നിന്നു മുക്തിനേടി കുറേക്കൂടി വ്യക്തമായ മലയാളകവന രീതിയാണു കണ്ണശ്ശരാമായണത്തിൽ കാണാനാകുന്നത്. ക്രിസ്തുവർഷം പതിനാലാം നൂറ്റാണ്ടിനും പതിനഞ്ചാം നൂറ്റാണ്ടിനും ഇടയിലായി തിരുവല്ലയ്ക്കടുത്ത് നിരണം എന്ന സ്ഥലത്തായിരുന്നു കണ്ണശ്ശന്റെ ജീവിതം.

രാമചരിതത്തിന്റെ രചനാകാലഘട്ടമായ പന്ത്രണ്ടാം നൂറ്റാണ്ടിൽ തന്നെ എഴുതപ്പെട്ട കൃതിയാണു വൈശികതന്ത്രം എന്ന മണിപ്രവാള ഗ്രന്ഥം. സംസ്കൃതത്തിൽ ദാമോദരഗുപ്തന്റെ കുട്ടനീമതം പോലുള്ള കൃതികളെ പിന്തുടരുന്ന മണിപ്രവാളം കൃതിയായിരുന്നു വൈശികതന്ത്രവും. മണിപ്രവാളകൃതികൾ പൊതുവെ സംസ്കൃത വിഭക്തിപ്രയോഗങ്ങളും തമിഴ് പദങ്ങളും, പഴയ മലയാളം പദങ്ങളും ചേരുന്ന രചനകളായിരുന്നു. കൂടുതൽ സംസ്കൃത അഭിവാഞ്ഛ പ്രകടിപ്പിക്കുന്ന സുകുമാരകവിയുടെ ശ്രീകൃഷ്ണവിലാസവും, ശങ്കരാചാര്യരുടെ കാലം മുതൽക്കേയുള്ള സ്തോത്രപാരമ്പര്യത്തിലുള്ള കൃതികളും ഇതേ കാലയളവിൽ പ്രസിദ്ധമായിരുന്നു. വില്വമംഗലത്തു സ്വാമിയാരുടെ സംസ്കൃതസ്തോത്രങ്ങൾക്ക് സമകാലികമായി മണിപ്രവാളത്തിൽ വസുദേവസ്തവം പോലുള്ള കൃതികളും പന്ത്രണ്ടാം നൂറ്റാണ്ടിന്റെയും പതിമൂന്നാംനൂറ്റാണ്ടിന്റെയും മധ്യകാലങ്ങളിൽ സൃഷ്ടിക്കപ്പെട്ടിരുന്നു.

കേരളീയ കാവ്യപാരമ്പര്യം കുറേക്കൂടി തെളിയുന്നത് ചെറുശ്ശേരിയുടെ കൃഷ്ണഗാഥയോടെയാണ്. തമിഴിന്റെയും സംസ്കൃതത്തിന്റെയും സ്വാധീനത്തിൽ നിന്നു അകന്നു നിന്ന് നാടൻ ഈണത്തിൽ രചിക്കപ്പെട്ട കൃതിയെന്നുകൂടി കൃഷ്ണഗാഥയെ കുറിച്ച് പറയണം (അന്യഭാഷാസ്വാധീനം പൂർണ്ണമായും ഇല്ലെന്നല്ല; മണിപ്രവാളത്തിന്റെയും മധ്യയുഗങ്ങളിൽ തമിഴ്നാട്ടിൽ നിലനിന്നിരുന്ന 'ഉന്തിപ്പാട്ടിന്റെയും' സാദൃശ്യം കൃതിയിൽ ചൂണ്ടിക്കാണിക്കാവുന്നതുമാണ്) ഗൃഹാന്തരീക്ഷവും നാടോടിശീലുകളും തെളിമയാർന്ന മലയാള ഭാഷയും ചേർന്ന കൃഷ്ണഗാഥ മലയാളം കവിതയ്ക്ക് ഒരു പുതിയ പിറവി നൽകുകയാണുണ്ടായത്. ആധുനിക കാലത്തെ മലയാളം കവികളായ വള്ളത്തോൾ, വൈലോപ്പിള്ളി, ബാലാമണിയമ്മ എന്നിവരുടെ കവിതകളിൽ പോലും കൃഷ്ണഗാഥയുടെ സ്വാധീനം കാണാവുന്നതാണ്. സ്വതന്ത്രമായ രചനാ സമ്പ്രദായങ്ങൾ എന്ന നിലയിൽ മലയാളസാഹിത്യത്തിൽ സന്ദേശകാവ്യങ്ങളും ചമ്പൂക്കളും പ്രസക്തമാണ്. സന്ദേശകാവ്യങ്ങളിലും ചമ്പൂക്കളിലും സാഹിത്യഭംഗിയേക്കാൾ കൃഷി, വാണിജ്യം, ഭോഗാലസ ജീവിതം, ഭക്തി എന്നിവയുടെ വർണ്ണനകൾക്കാണ് പ്രാധാന്യം കൊടുത്തുകാണുന്നത്.

ELNA ELDHOSE
IX G



# <u>കമല സുരയ്യ                    കൃതികൾ</u>

## മലയാള ഭാഷയിൽ

കമലസുരയ്യയുടെ ആത്മകഥയായ എന്റെ കഥ - ഇംഗ്ലീഷ് അടക്കം (മൈ സ്റ്റോറി) 15 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു



- മൂന്നു നോവലുകൾ
- കടൽ മയൂരം
- ഭയം എന്റെ നിശാവസ്ത്രം
- എന്റെ സ്നേഹിത അരുണ
- ചുവന്ന പാവാട
- പക്ഷിയുടെ മണം
- തണുപ്പ്
- മാനസി
- മാധവിക്കുട്ടിയുടെ തിരഞ്ഞെടുത്ത കഥകൾ
- എന്റെ കഥ
- ബാല്യകാല സ്മരണകൾ
- വർഷങ്ങൾക്ക മുൻപ്
- ഡയറിക്കുറിപ്പുകൾ
- നീർമാതളം പൂത്തകാലം
- നഷ്ടപ്പെട്ട നീലാംബരി
- ചന്ദന മരങ്ങൾ
- മനോമി
- വീണ്ടും ചില കഥകൾ
- ഒറ്റയടിപ്പാത
- എൻ്റെ കഥകൾ
- സുറയ്യ പാടുന്നു
- അമ്മ
- സസ്നേഹം
- യാ അല്ലാഹ്
- കവാടം (സുലോജനയുമോത്ത്)
- അമാവാസി (കെ.എൻ.മോഹനവർമ്മയുമൊത്ത്)
- വണ്ടിക്കാളകൾ (2005 അവസാനകൃതി)
- മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം

## ഇംഗ്ലീഷ് ഭാഷയിൽ

- കൽക്കട്ടയിലെ വേനൽ (Summer in kolkata......)
- കാമത്തിന്റെ അക്ഷരങ്ങൾ (Alphabet of the lust)
- പിതൃപരമ്പര (The Descendants)
- പഴയ കളിവീടും മറ്റു കവിതകളും (Old Play House and Other Poems)
- തിരഞ്ഞെടുത്ത കവിതകൾ (Collected Poems)
- എങ്ങനെ പാടണമെന്ന് ആത്മാവിനേ അറിയൂ (Only the Soul know How to Sing)
- ചൂളംവിളികൾ (The Sirens)
- 1964: *പക്ഷിയുടെ മണം* ()
- 1966: *നാരിചീറുകൾ പറക്കുമ്പോൾ* (short stories)
- 1968: *തണുപ്പ്* (short story)
- 1982: ' **(autobiography)**
- 1987: *Balyakala Smaranakal* (Childhood Memoirs)
- 1989: *Varshangalkku Mumbu* (novel)
- 1990: *Palayan* (novel)
- 1991: *Neypayasam* (short story)
- 1992: *Dayarikkurippukal* (novel)
- 1994: *Neermathalam Pootha Kalam* (novel)
- 1996: *Chekkerunna Pakshikal* (short stories)
- 1998: *Nashtapetta Neelambari* (short stories)
- 2005: *Chandana Marangal* (novel)
- 2005: *Madhavikkuttiyude Unmakkadhakal* (short stories)
- 2005: *Vandikkalakal* (novel)

**SONAL MADHU**

**IX-G**



# വയലാർ അവാർഡ് ലഭിച്ച കൃതികളും അവയുടെ കർത്താക്കളും

| വർഷം | വ്യക്തി | ഗ്രന്ഥം |
|---|---|---|
| 1977 | ലളിതാംബിക അന്തർജ്ജനം | അഗ്നിസാക്ഷി |
| 1978 | പി.കെ. ബാലകൃഷ്ണൻ | ഇനി ഞാൻ ഉറങ്ങട്ടെ |
| 1979 | മലയാറ്റൂർ രാമകൃഷ്ണൻ | യന്ത്രം |
| 1980 | തകഴി ശിവശങ്കരപ്പിള്ള | കയർ |
| 1981 | വൈലോപ്പിള്ളി ശ്രീധരമേനോൻ | മകരക്കൊയ്ത്ത് |
| 1982 | ഒ.എൻ.വി. കുറുപ്പ് | ഉപ്പ് |
| 1983 | വിലാസിനി | അവകാശികൾ |
| 1984 | സുഗതകുമാരി | അമ്പലമണി |
| 1985 | എം.ടി. വാസുദേവൻ നായർ | രണ്ടാമൂഴം |
| 1986 | എൻ.എൻ. കക്കാട് | സഫലമീയാത്ര |
| 1987 | എൻ. കൃഷ്ണപിള്ള | പ്രതിപാത്രം ഭാഷണഭേദം |
| 1988 | തിരുനല്ലൂർ കരുണാകരൻ | തിരുനെല്ലൂർ കരുണാകരന്റെ കവിതകൾ |
| 1989 | സുകുമാർ അഴീക്കോട് | തത്ത്വമസി |
| 1990 | സി. രാധാകൃഷ്ണൻ | മുൻപേ പറക്കുന്ന പക്ഷികൾ |
| 1991 | ഒ. വി. വിജയൻ | ഗുരുസാഗരം |
| 1992 | എം.കെ. സാനു | ചങ്ങമ്പുഴ - നക്ഷത്രങ്ങളുടെ സ്നേഹഭാജനം |
| 1993 | ആനന്ദ് (പി. സച്ചിദാനന്ദൻ) | മരുഭൂമികൾ ഉണ്ടാകുന്നത് |
| 1994 | കെ. സുരേന്ദ്രൻ | ഗുരു (നോവൽ) |
| 1995 | തിക്കോടിയൻ | അരങ്ങു കാണാത്ത നടൻ |
| 1996 | പെരുമ്പടവം ശ്രീധരൻ | ഒരു സങ്കീർത്തനം പോലെ |
| 1997 | മാധവിക്കുട്ടി | നീർമാതളം പൂത്ത കാലം |
| 1998 | എസ്. ഗുപ്തൻ നായർ | സൃഷ്ടിയും സ്രഷ്ടാവും |

| വർഷം | വ്യക്തി | ഗ്രന്ഥം |
|---|---|---|
| 1999 | കോവിലൻ | തട്ടകം (നോവൽ) |
| 2000 | എം.വി. ദേവൻ | ദേവസ്പന്ദനം |
| 2001 | ടി. പദ്മനാഭൻ | പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക് |
| 2002 | കെ. അയ്യപ്പപ്പണിക്കർ | അയ്യപ്പപ്പണിക്കരുടെ കവിതകൾ |
| 2003 | എം. മുകുന്ദൻ | കേശവന്റെ വിലാപം |
| 2004 | സാറാ ജോസഫ് | ആലാഹയുടെ പെൺമക്കൾ |
| 2005 | കെ.സച്ചിദാനന്ദൻ | സാക്ഷ്യങ്ങൾ |
| 2006 | സേതു | അടയാളങ്ങൾ |
| 2007 | എം. ലീലാവതി | അപ്പുവിന്റെ അന്വേഷണം |
| 2008 | എം.പി. വീരേന്ദ്രകുമാർ | ഹൈമവതഭൂവിൽ |
| 2009 | എം. തോമസ് മാത്യു | മാരാർ - ലാവണ്യാനുഭവത്തിന്റെ യുക്തി ശില്പം |
| 2010 | വിഷ്ണുനാരായണൻ നമ്പൂതിരി | ചാരുലത(കവിതാ സമാഹാരം) |
| 2011 | കെ.പി. രാമനുണ്ണി | ജീവിതത്തിന്റെ പുസ്തകം |
| 2012 | അക്കിത്തം | അന്തിമഹാകാലം |
| 2013 | പ്രഭാവർമ്മ | ശ്യാമമാധവം |
| 2014 | കെ.ആർ. മീര | ആരാച്ചാർ |
| 2015 | സുഭാഷ് ചന്ദ്രൻ | മനുഷ്യന് ഒരു ആമുഖം |
| 2016 | യു.കെ. കുമാരൻ | തക്ഷൻകുന്ന് സ്വരൂപം |
| 2017 | ടി.ഡി. രാമകൃഷ്ണൻ | സുഗന്ധി എന്ന ആണ്ടാൾ ദേവനായകി |
| 2018 | കെ.വി. മോഹൻകുമാർ | ഉഷ്ണരാശി |
| 2019 | വി.ജെ. ജെയിംസ് | നിരീശ്വരൻ |

**ALEENA SUSAN ELDHOSE**

**IX-G**





# ശ്രീനിവാസ രാമാനുജൻ

തമിഴ്നാട്ടിൽ ഈറോഡിലെ ദരിദ്ര ബ്രാഹ്മണ കുടുംബത്തിൽ 1887 ഡിസംബർ 22-ന് ശ്രീനിവാസ രാമാനുജൻ ജനിച്ചു. അച്ഛൻ ശ്രീനിവാസ അയ്യങ്കാർ തുണിക്കടയിൽ കണക്കെഴുത്തുകാരനായിരുന്നു. അമ്മ കോമളത്തമ്മാൾ. രാമാനുജനു താഴെ അഞ്ചു മക്കൾകൂടിയുണ്ടായിരുന്നു.

പ്രശസ്തഗണിതശാസ്ത്രജ്ഞനായിരുന്ന ശ്രീനിവാസ രാമാനുജൻ താമസിച്ചിരുന്നത് കുംഭകോണത്തിൽ സാരംഗപാണിക്ഷേത്രത്തിനടുത്ത് ആയിരുന്നു. ഇപ്പോൾ അവിടെ അദ്ദേഹം താമസിച്ചിരുന്ന വീട് മ്യൂസിയം ആയി സൂക്ഷിക്കുന്നു.

## ഗണിതത്തിലെ സ്വപ്രയത്നം

ഗണിതശാസ്ത്രത്തിലെ 6000 സങ്കീർണ്ണപ്രശ്നങ്ങൾ അടങ്ങിയ, ജി.എസ്. കാർ രചിച്ച, *സിനോപ്സിസ് ഓഫ് എലിമെന്ററി റിസൾട്ട്സ് ഇൻ പ്യുവർ മാത്തമാറ്റിക്സ്* എന്ന ഗ്രന്ഥം സ്കൂൾ പഠനകാലത്തു തന്നെ രാമാനുജന്റെ പക്കലുണ്ടായിരുന്നു. സങ്കീർണ്ണമായിരുന്ന ഈ പ്രശ്നങ്ങൾ, ഗണിതശാസ്ത്രമേഖലയിലെ പുതിയ പ്രവണതകളോ മുന്നേറ്റങ്ങളോ ഒന്നും അറിയാതെ രാമാനുജൻ ഒന്നൊന്നായി പരിഹരിച്ചു പോന്നു. അത്ര ഉത്കൃഷ്ടമൊന്നുമല്ലാതിരുന്ന കാറിന്റെ പുസ്തകം പ്രശസ്തമായതു തന്നെ രാമാനുജനിലൂടെയാണ്.[*അവലംബം ആവശ്യമാണ്*] കോളേജ് പഠനം മുടങ്ങുമ്പോഴും ഈ പുസ്തകം അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നു. ആ പുസ്തകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമത്തിനിടെ പുതിയ ഗണിതശ്രേണികൾ ഒന്നൊന്നായി രാമാനുജൻ കണ്ടെത്തി. 'പൈ'യുടെ മൂല്യം എട്ടു ദശാംശസ്ഥാനം വരെ കൃത്യമായി നിർണയിക്കാനുള്ള മാർഗ്ഗം ആവിഷ്ക്കരിച്ചു. (പൈയുടെ മൂല്യം വേഗത്തിൽ നിർണയിക്കാനുള്ള കമ്പ്യൂട്ടർ `ആൽഗരിത'ത്തിന് അടിസ്ഥാനമായത് ഈ കണ്ടുപിടിത്തമാണ്.[*അവലംബം ആവശ്യമാണ്*]

അക്കാലത്താണ് ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസൈറ്റി നിലവിൽ വരുന്നത്. തന്റെ പ്രബന്ധം സൊസൈറ്റിയുടെ ജേണൽ പ്രസിദ്ധീകരിച്ചത്, രാമാനുജന് പ്രശസ്തി നേടിക്കൊടുത്തു. 1914 ഏപ്രിൽ 14-ന് രാമാനുജൻ ലണ്ടനിലെത്തി. ഹാർഡി തന്നെയായിരുന്നു ഗുരുവും വഴികാട്ടിയും സുഹൃത്തുമെല്ലാം. അടിസ്ഥാന വിദ്യാഭാസമില്ലാതിരുന്നിട്ടും പ്രവേശന ചട്ടങ്ങളിൽ ഇളവു നൽകി 1916 മാർച്ച് 16-ന് കേംബ്രിഡ്ജ് സർവകലാശാല രാമാനുജന് `ബാച്ചിലർ ഓഫ് സയൻസ് ബൈ റിസേർച്ച് ബിരുദം' നൽകി (ഡോക്ടറേറ്റിന് തുല്യമാണ് ഈ ബിരുദം).

1918 ഫെബ്രുവരി 18-ന് റോയൽ സൊസൈറ്റി ഫെലോഷിപ്പ് ലഭിച്ചു. ആ ബഹുമതിക്ക് അർഹനാകുന്ന രണ്ടാമത്തെ ഇന്ത്യക്കാരനായിരുന്നു രാമാനുജൻ. ആ ഒക്ടോബറിൽ തന്നെ കേംബ്രിഡ്ജിലെ ട്രിനിറ്റി കോളേജ് ഫെലോ ആയി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

ആസ്പത്രിയിൽ ചികിൽസയിലായിരുന്ന രാമാനുജനെ കാണാനെത്തിയ പ്രൊ. ഹാർഡി തന്റെ കാറിന്റെ നമ്പരായ 1729 ന് ഒരു പ്രത്യേകതയും ഇല്ലെന്നു പറഞ്ഞു. രണ്ടു ഘനങ്ങളുടെ(ക്യൂബ്) തുകയായി രണ്ടുതരത്തിൽ എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയാണ് 1729 എന്നായിരുന്നു രാമാനുജന്റെ മറുപടി.

അതിങ്ങനെ

$$10^3+9^3 = 1729$$

$$12^3+ 1^3= 1729$$

പ്രതികൂലകാലാവസ്ഥ മൂലം ആരോഗ്യം മോശമായതിനാൽ 1919 ഫെബ്രുവരി 27-ന് രാമാനുജൻ ഇന്ത്യയിലേക്കു മടങ്ങി. ക്ഷയരോഗമായിരുന്നു ബാധിച്ചിരുന്നത് . 1920 ഏപ്രിൽ 26-ന് അദ്ദേഹം അന്തരിച്ചു.

മരണത്തോട് മല്ലിടുമ്പോഴും പുതിയ ഗണിതരഹസ്യങ്ങൾ രാമാനുജൻ തേടിക്കൊണ്ടിരുന്നു. മരണശയ്യയിൽ കിടന്നു വികസിപ്പിച്ച പ്രമേയങ്ങൾ അദ്ദേഹം ഹാർഡിക്ക് അയച്ചുകൊടുത്തു. രാമാനുജന്റെ നോട്ടുബുക്കിലെ സിദ്ധാന്തങ്ങൾ പലതും മരണശേഷം പ്രസിദ്ധീകരിക്കപ്പെട്ടു. അതിലെ സൂചനകൾ വെച്ച് പല ശാസ്ത്രജ്ഞരും പുതിയ തിയറങ്ങൾ വികസിപ്പിച്ചു.

രാമാനുജന്റെ നോട്ടുബുക്കിലെ 3254 കുറിപ്പുകൾ വികസിപ്പിച്ച ബ്രൂസ് സി.ബെർട്, ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ അവ 12 വാല്യങ്ങളായാണ് പ്രസിദ്ധീകരിച്ചത്. ചെന്നൈയിലെ റോയപുരത്ത് ഇപ്പോൾ രാമാനുജൻ മ്യൂസിയം പ്രവർത്തിക്കുന്നു. 1993-ലാണ് അത് സ്ഥാപിക്കപ്പെട്ടത്. ഗണിത ശാസ്ത്രത്തിൽ ഗുണനങ്ങളേക്കുറിച്ചുള്ള മേഖലയിലാണ് രാമനുജന്റെ സംഭാവനകളിലധികവും.[*അവലംബം ആവശ്യമാണ്*

**ROHIT RAMESH**

**IX-F**





# കെ.വി. മോഹൻകുമാർ

മലയാള ഭാഷയിലെ സാഹിത്യകാരനാണ് 'കെ.വി. മോഹൻകുമാർ'. ആലപ്പുഴ പട്ടണത്തിൽ കെ.വേലായുധൻപിള്ളയുടെയും ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനായി 1958 ഡിസംബർ 31 ന് ജനിച്ചു.ബാല്യത്തിൽ അമ്മയുടെ നാടായ ചേർത്തലയിലേക്ക്താമസംമാറി.കേരളകൗമുദിയിലും മലയാള മനോരമയിലുമായി 12 വർഷം പത്രപ്രവർത്തകനായിരുന്നു. പിന്നീട് (1993)ഡെപ്യൂട്ടി കലക്ടറായി സംസ്ഥാന സിവിൽ (എക്സിക്യൂട്ടീവ്) സർവീസിൽ ചേർന്നു. 2004 ൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പാലക്കാട്ടും കോഴിക്കോട്ടും കളക്ടറായിരുന്നു.പാലക്കാട്ട് ജില്ലാ കലക്ടറായിരിക്കെ 2011 ലെ ദേശീയ സെൻസസ് മികവുറ്റ രീതിയിൽ നടപ്പാക്കിയതിനു വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പ്രശംസാപത്രവും വെള്ളിപ്പതക്കവും ലഭിച്ചു .

2010-ൽ ശിവൻ സംവിധാനംചെയ്ത് ദേശീയ അവാർഡ് നേടിയ 'കേശു' എന്ന കുട്ടികളുടെ സിനിമയ്ക്ക് തിരക്കഥയെഴുതി. ആദ്യനോവലായ 'ശ്രാദ്ധശേഷം' 'മഴനീർത്തുള്ളികൾ' എന്നപേരിൽ വി.കെ. പ്രകാശ് സിനിമയാക്കി.'ക്ലിന്റ്'എന്ന ചിത്രത്തിനും തിരക്കഥയെഴുതി .

## നോവലുകൾ

- ശ്രാദ്ധശേഷം ജാരനും പൂച്ചയും
- ഏഴാമിന്ദ്രിയം പ്രണയത്തിൻറെ മൂന്നാംകണ്ണ്
- ഉഷ്ണരാശി - കരപ്പുറത്തിന്റെ ഇതിഹാസം
- എടലാക്കുടി പ്രണയരേഖകൾ
- മാഴൂർതമ്പാൻ രണ്ടാം വരവ്




## കഥാസമാഹാരങ്ങൾ

- അകംകാഴ്ചകൾ
- ക്ലാവല്ലയിലെ കുതിരകൾ
- അളിവേണി എന്ത് ചെയ്വൂ
- ഭൂമിയുടെ അനുപാതം
- *ആസന്ന മരണൻ*



**DEVAPRIYA N NAIR**
**IX-F**

# മോഹിനിയാട്ടം

(*Mohiniyattam*) കേരളത്തിന്റെ തനത് ലാസ്യനൃത്തകലാരൂപമാണ്. നാട്യശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന ചതുർവൃത്തികളിൽ ലാസ്യ-ലാവണ്യസമ്പന്നമായ കൈശികീവൃത്തിയിൽ ഊന്നിയ ചലനങ്ങളാണ് മോഹിനിയാട്ടത്തിന്റെ മുഖമുദ്ര. ഭാരതി, സാത്വതി, ആരഭടി എന്നിവയാണ് മറ്റ് മൂന്ന് വൃത്തികൾ. രസരാജനായ ശൃംഗാരമാണ് മോഹിനിയാട്ടത്തിൽ കൂടുതലായി ആവിഷ്കരിക്കപ്പെടാറുള്ളത്. ശൃംഗാരരസപ്രകരണത്തിനു ഏറ്റവും അനുയോജ്യമായ വൃത്തിയും കൈശികിയത്രെ. മലയാളത്തിലെ ഒരേയൊരു ശാസ്ത്രീയ സ്ത്രീനൃത്തകലയായ മോഹിനിയാട്ടം ഈയിടെയായി പുരുഷന്മാരും അവതരിപ്പിച്ചുകാണുന്നു. കേരളീയക്ഷേത്രങ്ങളിൽ നിലനിന്നിരുന്ന ദേവദാസീനൃത്തത്തിന്റെ പരിഷ്കരിച്ച രൂപമാണ് മോഹിനിയാട്ടം.കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ കേരളത്തിലെ പ്രശസ്തയായ മോഹിനിയാട്ട നർത്തകിയായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ സ്വാതിതിരുനാൾ ബാലരാമവർമ്മയുടെ (1829) സ്ഥാനാരോഹണത്തോടെയാണ് മോഹിനിയാട്ടത്തിനു ഒരു പുതിയ ഉണർവുണ്ടായത്. ബഹുഭാഷാപണ്ഡിതനും, സകലകലാവല്ലഭനുമായിരുന്ന സ്വാതിതിരുനാളിന്റെ വിദ്വൽസ്സദസ്സ് ഇരയിമ്മൻതമ്പി, കിളിമാനൂർ കോയിതമ്പുരാൻ തുടങ്ങിയ കവിരത്നങ്ങളാലും, ഷഡ്കാല ഗോവിന്ദമാരാർ തുടങ്ങിയ സംഗീതപ്രതിഭകളാലും, വടിവേലു, ചിന്നയ്യ, പൊന്നയ്യ എന്നീ നട്ടുവന്മാരാലും അലങ്കരിക്കപ്പെട്ടിരുന്നു. നാടിന്റെ നാനാഭാഗത്തുനിന്നുള്ള നർത്തകികളെ അദ്ദേഹം തന്റെ സദസ്സിലേക്ക് ക്ഷണിച്ചുവരുത്തുകയും ചെയ്തിരുന്നു. വിദഗ്ധകളായ മോഹിനിയാട്ടം നർത്തകിമാരെ തന്റെ സദസ്സിലേയ്ക്ക് അയച്ചു തരുവാൻ ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം മീനച്ചിൽ കർത്തായ്ക്ക് എഴുതിയ കത്തിന്റെ പതിപ്പ് തിരുവനന്തപുരം ഗ്രന്ഥപ്പുരയിൽ കാണാം.

സ്വാതിതിരുനാൾ രചിച്ച പദങ്ങളും വർണ്ണങ്ങളും തില്ലാനകളും തന്നെയാണ് ഇന്നും മോഹിനിയാട്ടവേദിയിൽ കൂടുതലായും അവതരിപ്പിക്കപ്പെട്ടു വരുന്നത്. ഭരതനാട്യവുമായി നിരന്തരസമ്പർക്കം നിലനിന്നിരുന്ന ഈ കാലഘട്ടത്തിൽ തന്നെയായിരിക്കണം മോഹിനിയാട്ടവും ഭരതനാട്യം ശൈലിയിലുള്ള കച്ചേരി സമ്പ്രദായത്തിൽ അവതരിപ്പിച്ചു തുടങ്ങിയത്. ഇതിനു മുമ്പ് മോഹിനിയാട്ടത്തിൽ അവതരിപ്പിച്ചിരുന്ന ഇനങ്ങളെക്കുറിച്ചുള്ള വ്യക്തമായ വിവരണങ്ങൾ വെളിപ്പെട്ടിട്ടില്ല. എന്തായാലും സദിരിൽ നിന്നും ഭരതനാട്യത്തിലെത്തി നിന്നിരുന്ന ദാസിനൃത്തത്തിനും, തേവിടിശ്ശിയാട്ടത്തിലൂടെ മോഹിനിയാട്ടമായ കൈരളിയുടെ സ്വന്തം ലാസ്യനൃത്തത്തിനും ഒരേ മാതൃകയിലുള്ള അവതരണരീതി കൈവന്നത് തികച്ചും യാദൃച്ഛികമാകാൻ നിവൃത്തിയില്ല. 1930 -ൽ ചെറുതുരുത്തിയിൽ വള്ളത്തോൾ നാരായണമേനോൻ തുടങ്ങിയ കേരളകലാമണ്ഡലത്തിൽ കഥകളിയോടൊപ്പം മോഹിനിയാട്ടത്തിന്റെ പഠനത്തിനും സൗകര്യമുണ്ടായിരുന്നു. മോഹിനിയാട്ടം തന്റെ സ്ഥാപനത്തിലെ പഠനവിഷയമാക്കണമെന്നു തീരുമാനിച്ച വള്ളത്തോൾ അതിനു യോഗ്യതയുള്ള അദ്ധ്യാപികയെ കണ്ടെത്തുന്നതു അപ്പേക്കാട്ട്കൃഷ്ണപ്പണിക്കരുടെ ശിഷ്യകളിൽ പ്രഥമസ്ഥാനീയയായിരുന്ന ഒരിക്കലേടത്ത് കല്യാണി അമ്മയിലാണ്.അന്നു മോഹിനിയാട്ടം പഠിക്കാൻ പെൺകുട്ടികളെ കിട്ടാൻ പ്രയാസമായിരുന്നു. നല്ല

കുടുംബത്തിൽ പിറന്ന സ്ത്രീകളൊന്നും മോഹിനിയാട്ടം പഠിക്കാൻ തയ്യാറായിരുന്നില്ല.അതുകൊണ്ട് കലാമണ്ഡലം സെക്രട്ടറിയായിരുന്ന മണക്കുളം മുകുന്ദ രാജയുടെ ആശ്രിതനായ കുന്നംകുളം പന്തലത്ത് ഗോവിന്ദൻ നായരുടെ മകൾ മുളയ്ക്കൽ തങ്കമണിയെ കലാമണ്ഡലത്തിലെ ആദ്യത്തെ മോഹിനിയാട്ടം വിദ്യാർഥിനിയാക്കി. തങ്കമണി പിന്നീട് ഗുരു ഗോപിനാഥിന്റെ സഹധർമ്മിണിയായി.അന്ന വരെ മോഹിനിയാട്ടത്തിൽ നിലവിലുണ്ടായിരുന്ന പല സമ്പ്രദായങ്ങളും വള്ളത്തോളിന്റെ നേതൃത്വത്തിൽ മാറ്റപ്പെട്ടു. ഇതിന്റെ ആദ്യപടിയായി മോഹിനിയാട്ടത്തിലെ അശ്ലീലത്തിന്റെ കടന്ന കയറ്റത്തിനെ മഹാകവി ഇല്ലാതാക്കി. കുറേക്കൂടി സഭ്യമായ കൃതികളും, ചലനങ്ങളുമായിരിക്കണം പുതിയ മോഹിനിയാട്ടത്തിനു വേണ്ടതെന്ന അദ്ദേഹം കല്യാണിയമ്മയ്ക്ക് നിർദ്ദേശം കൊടുക്കുകയുണ്ടായത്രെ. നട്ടുവന്റേയും, പിന്നണിഗായകരടക്കമുള്ള പക്കമേളക്കാരുടേയും സ്ഥാനം വേദിയുടെ വശത്തായി നിശ്ചയിച്ചതാണ മറ്റൊരു മാറ്റം. കുഴിത്താളം കയ്യിലേന്തി, ഉച്ചത്തിൽ വായ്ത്താരി പറഞ്ഞുകൊണ്ടു നർത്തകിയ്ക്കൊപ്പം നീങ്ങുകയായിരുന്ന നട്ടുവന്മാരുടെ അതുവരെയുണ്ടായിരുന്ന പതിവ്.





**ASWIN NARANAYAN**

IX-G

# സോഫിയ (റോബോട്ട്)

കൃത്രിമബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമിച്ച യന്ത്രമനുഷ്യനാണ് **സോഫിയ.** സംസാരിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിവുള്ള ഹ്യൂമനോയ്ഡ് റോബോട്ടാണ് ഇത്. ഹാൻസൺ റോബോട്ടിക്സാണ് സോഫിയയുടെ നിർമാതാക്കൾ. ഒരു രാജ്യം പൗരത്വം നൽകുന്ന ആദ്യത്തെ റോബോട്ടാണ് സോഫിയ . സൗദിയിൽ നടക്കുന്ന ഭാവിനിക്ഷേപസംരംഭ സമ്മേളനത്തിൽ വച്ച് 2017 ഒക്ടോബർ 25 നാണ് സൗദി സർക്കാർ സോഫിയക്ക് പൗരത്വം നൽകിയത്.

2015 ഏപ്രിൽ 15 നാണ് സോഫിയ പ്രവർത്തനക്ഷമമായത്. പ്രശസ്ത നടി ഓഡ്രി ഹെപ്ബേണിനെ മാതൃകയാക്കിയാണ് സോഫിയയെ രൂപകൽപന ചെയ്തത്.

2015 ഏപ്രിൽ 15 നാണ് സോഫിയ പ്രവർത്തനക്ഷമമായത്. പ്രശസ്ത നടി ഓഡ്രി ഹെപ്ബേണിനെ മാതൃകയാക്കിയാണ് സോഫിയയെ രൂപകൽപന ചെയ്തത്.

നിർമ്മാതാക്കളുടെഅറിയിപ്പനുസരിച്ച്, സോഫിയയ്ക്ക് കൃത്രിമബുദ്ധിയുണ്ട്. വിവരവിശകലനത്തിനും മുഖഭാവം തിരിച്ചറിയുന്നതിനുമുള്ള കഴിവുമുണ്ട്. മനുഷ്യരുടെ അംഗചേഷ്ടകൾ അനുകരിക്കാനും ചില ചോദ്യങ്ങൾക്ക് മറുപടി നൽകാനും സാധിക്കുന്നു





**BENETE ELSA JOSE**
**IX-F**

# നെൽസൺ മണ്ടേല



ദക്ഷിണാഫ്രിക്കയിലെവർണ്ണവിവേചനത്തിനെതിരെ പോരാടിയ പ്രമുഖനേതാവാണ് **നെൽസൺ മണ്ടേല** (ഇംഗ്ലീഷ്: Nelson Rolihlahla Mandela, ജനനം 1918 ജൂലൈ 18 - മരണം:2013 ഡിസംബർ 5).തുടർന്ന് വർണ്ണ-വംശ വ്യത്യാസമില്ലാതെ ദക്ഷിണാഫ്രിക്കയിലെ എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങളേയും ഉൾപ്പെടുത്തി നടത്തിയ ആദ്യത്തെ ജനാധിപത്യരീതിയിലുള്ള തിരഞ്ഞെടുപ്പിൽ വിജയിച്ച മണ്ടേല 1994 മുതൽ 1999 വരെ ദക്ഷിണാഫ്രിക്കയുടെ പ്രസിഡണ്ടാസമ്മാനം ഫ്രഡറിക് ഡിക്ലർക്കിനോടൊപ്പം പങ്കിട്ടു. ഭാരതത്തിലെ ഏറ്റവും ഉയർന്ന ദേശീയബഹുമതിയായ ഭാരതരത്ന പുരസ്കാരം നൽകി 1990 ൽ ഭാരതസർക്കാർ മണ്ടേലയെ ആദരിച്ചു. ഈ പുരസ്കാരം ലഭിക്കുന്ന ഭാരതീയനല്ലാത്ത രണ്ടാമത്തെ വ്യക്തിയും നോബൽ സമ്മാനം ലഭിക്കുന്നതിനു മുൻപ് ഭാരതരത്നം ലഭിച്ച ഏക വിദേശീയനുമായിരുന്നു അദ്ദേഹം. *ലോങ് വോക് റ്റു ഫ്രീഡം* ആണ് ആത്മകഥ.തെമ്പു എന്ന ഗോത്രത്തിലെ ഒരു രാജകുടുംബത്തിലാണ് മണ്ടേല ജനിച്ചത്. ഫോർട്ട് ഹെയർ സർവ്വകലാശാലയിലും,വിറ്റവാട്ടർസ്രാന്റ്സർവ്വകലാശാലയിലുമായി നിയമപഠനം പൂർത്തിയാക്കി. ജോഹന്നസ്ബർഗിൽ താമസിക്കുന്ന കാലഘട്ടത്തിൽത്തന്നെ സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയത്തിൽ തൽപ്പരനായിരുന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയത്തിലേക്കുള്ള പ്രവേശനം ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിലൂടെ ആയിരുന്നു. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ യുവജനസംഘടനയായ യൂത്ത് ലീഗിന്റെ സ്ഥാപകരിൽ പ്രമുഖനായിരുന്നു മണ്ടേല. 1948 ലെ കടുത്ത വർണ്ണവിവേചനത്തിന്റെ കാലഘട്ടത്തിൽ മണ്ടേല, പാർട്ടിയിലെ പ്രമുഖസ്ഥാനത്തേക്ക് എത്തിച്ചേർന്നു. തുടക്കത്തിൽ മണ്ടേല അക്രമത്തിന്റെ പാതയിലൂടെയുള്ള ഒരു സമരമാർഗ്ഗമാണ് സ്വീകരിച്ചത്. രാജ്യദ്രോഹം പോലെയുള്ള കുറ്റങ്ങൾ ചുമത്തി അദ്ദേഹത്തെ നിരവധി തവണ ജയിലിലടച്ചിട്ടുണ്ട്. വിധ്വംസനപ്രവർത്തനം നടത്തി എന്നാരോപിച്ച് ജീവപര്യന്തം തടവിനു ശിക്ഷിക്കുകയുണ്ടായി. 27 വർഷത്തോളമാണ് മണ്ടേല ജയിൽവാസം അനുഭവിച്ചത്.മണ്ടേലയുടെ ജീവിതത്തിൽ മഹാത്മാഗാന്ധിയുടെ ആശയങ്ങൾ വളരെ സ്വാധീനം ചെലുത്തിയിരുന്നു. ആഫ്രിക്കൻ നാഷനൽ കോൺഗ്രസിന്റെയും അവരുടെ സായുധവിഭാഗമായ ഉംഖോണ്ടോ വിസിസ്‌വേയുടെയും നേതാവായിരുന്ന മണ്ടേലയെ വർണ്ണവിവേചനത്തെ എതിർത്തവർ സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റേയും പ്രതീകമായി കരുതുമ്പോൾ, വർണ്ണവിവേചനത്തെ അനുകൂലിച്ചവർ അദ്ദേഹത്തെയും എ എൻ സിയെയും കമ്യൂണിസ്റ്റ് തീവ്രവാദികളായാണ കരുതിയിരുന്നത്. 2008 ജൂലൈ വരെ അമേരിക്കൻ ഗവൺമെന്റ്, മണ്ടേലയെ തീവ്രവാദിപട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു.വർണ്ണവിവേചനത്തിനെതിരെയുള്ള സമരത്തിന്റെ ഭാഗമായി നടന്ന

അക്രമപ്രവർത്തനങ്ങളുടെയും അട്ടിമറികളുടേയും പേരിൽ മണ്ടേലക്ക് 27 വർഷം ജയിൽവാസമനുഷ്ഠിക്കേണ്ടതായി വന്നു. മണ്ടേലയുടെ വംശക്കാർ പ്രായത്തിൽ മുതിർന്നവരെ ബഹുമാനസൂചകമായി സംബോധന ചെയ്യുന്ന മാഡിബ എന്ന പേര് കൊണ്ടാണ് ദക്ഷിണാഫ്രിക്കക്കാർ മണ്ടേലയെ അഭിസംബോധന ചെയ്തിരുന്നത്.ലോകജനതയുടെ സ്വാതന്ത്ര്യത്തിനായി മണ്ടേല നടത്തിയ പ്രയത്നങ്ങളെ ആദരിക്കാനായി അദ്ദേഹത്തിന്റെ ജന്മദിനമായ ജൂലൈ 18, നെൽസൺ *മണ്ടേല ദിനമായി* ആചരിക്കുമെന്ന് 2009 നവംബറിൽ യു. എൻ. പൊതുസഭ പ്രഖ്യാപിച്ചു.2013 ഡിസംബർ 5 ന ജോഹന്നാസ് ബർഗിലെ സ്വവസതിയിൽ വെച്ച് മണ്ടേല അന്തരിച്ചു

**MUHAMMED ANWAR**

**IX-F**



# കണ്ണീർമഴ

മഴയിൽ നനയാൻ എനിക്ക് ഇഷ്ടമാണ് എന്നാൽ ചിരിച്ചുകൊണ്ട് മഴയെ നോക്കാൻ സാധിച്ചിട്ടില്ല.കാരണം ഞാൻകാണുന്ന മഴ എന്റെ കണ്ണീർമഴയാണ്.എന്നാൽ ആ മഴയിൽ ഒന്നു നനയാൻ ആഗ്രഹിച്ചിട്ടുണ്ട്,കൊതിച്ചിട്ടുണ്ട്.എന്നാൽ എന്റെ ജീവിതം ഒരിക്കലും സമ്മതിച്ചിട്ടില്ല കാരണം അതാണ് ഞാൻ ആകുന്ന എന്റെ കണ്ണീർത്തുള്ളികൾ......

സാധുവായ ഒരു പെൺക്കുട്ടി അവളുടെ ജീവിതം ഒരു ചുഴലിക്കാറ്റായി എന്നും ആഞ്ഞടിച്ചുകൊണ്ടിരിക്കുന്നു.അവളുടെ ജീവിതത്തിലെ തണൽ എന്നത് അവളുടെ മുഖത്തെ ചിത്രമായിരുന്നു.എന്നാൽ ആ ചിരിയും അവളിൽ നിന്ന് വിട പറഞ്ഞു, മനസ്സിന്റെ ഉടമയും,അവളുടെ ചിരിയുടെ ആഹ്ലാദത്തിന്റെയും സന്തോഷത്തിന്റെയും ഉടമയായ നന്മയാൽ നിറയെ പെട്ടവളും ജനനം മുതൽ മരണം വരെ കൂടിയുണ്ടാവും എന്ന് ഉറപ്പുനൽകിയവളും അവളുടെ കാവൽക്കാരിയും,എല്ലാ കുറ്റങ്ങളും കുറവുകളും മനസ്സിലാക്കിയ അവളുടെ മുതൽക്കൂട്ടായി നിലനിന്ന് അവളെ പത്തുമാസം നെഞ്ചോട് ചേർത്ത ആ പെൺക്കുട്ടിയുടെ സ്വന്തം അമ്മ,അവളുടെ പെറ്റമ്മ......

പത്താം ക്ലാസ്സിൽ പഠിക്കുന്ന സാധുവായ ഒരു പെൺക്കുട്ടി ആയിരുന്നു അവൾ ഭൂമിയേക്കുറിച്ചും മനുഷ്യരെക്കുറിച്ചും ജീവിതത്തിലെ പല മാറ്റങ്ങളെക്കുറിച്ച് അവൾ അറിയാൻ തുടങ്ങുന്ന പ്രായം......എന്നാലും അവളുടെ അമ്മ വിട്ടുപിരിഞ്ഞിട്ടും അവൾ വളർന്നില്ല. അവൾക്ക് വേണ്ടി അവൾ ജീവിച്ചു അവളുടെ അമ്മയുടെ സന്തോഷത്തിനും വേണ്ടി ജീവിച്ചു.തോൽവികളെ മറികടക്കുന്നതായിരിക്കണം ഏതൊരു മനുഷ്യന്റേയും ലക്ഷ്യം. അങ്ങനെ അവൾ തന്നെ അവൾക്കൊരു മുതൽക്കൂട്ടായി ജീവിച്ചു.കണ്ണീർമഴയുടെ വക്കത്തുനിന്ന് തുടങ്ങിയ ജീവിതം ഇതാ ഒരു കടലിൽ നിന്ന് അവസാനിക്കുന്നു.നന്നായി പഠിച്ചു.എല്ലാവരുടെയും ഒരു മുതൽക്കൂട്ടായി വളർന്നുവന്നു.പെൺക്കുട്ടി എന്ന ചാരിതാർഥത്ത്യത്തിൽ അപമാനിക്കപ്പെടാതെ അതെ സ്ത്രീ എന്ന വാക്കിൽ അവൾ ഇന്നും ഈ ലോകത്തിൽ ജീവിക്കുന്നു.അങ്ങനെ കാലങ്ങൾ നീങ്ങുകയാണ്.

**ANNA ELDHOSE**

IX-F

# സ്നേഹം

"ഞാൻ എന്തെങ്കിലും ഒരു ജോലിക്കു പോയാലൊന്നാ..."

"ഇവിടെ ഇങ്ങനെ ഇരുന്നിട്ടെന്തിനാ, ആതാവുമ്പോ മിണ്ടാനും പറയാനുമെങ്കിലും ആരേലും കിട്ടുമല്ലോ"

പുറത്തേക്കു നോക്കിയിരുന്നു കൊണ്ട് അയാൾ ആരോടെന്നില്ലാതെ പറഞ്ഞു.

കേട്ടിരുന്ന ഭാര്യക്ക് അതിൽ തെല്ലും ആഹ്ലാദമോ ആശ്ചര്യമോ ഉണ്ടായിരുന്നില്ല. അതിനു കാരണവുമുണ്ട്. വയസ് അറുപത്തിന് മുകളിലായി രണ്ടുപേർക്കും. ഇത്രകാലമായും ഒരു ജോലിയും ചെയ്തില്ല എന്നുമാത്രമല്ല. ഉണ്ടായിരുന്ന പറമ്പും വീടുമെല്ലാം വിറ്റു നശിപ്പിക്കുകയും ചെയ്തു.

"ഇതിപ്പോ ഈ ടൗണിൽ നിങ്ങൾക്കു പറ്റിയ ജോലി. അതും ഈ പ്രായത്തിൽ.

അവർ മറുപടിയായി ചോദിച്ചു.

"നടക്കാൻ പോയപ്പോൾ ഞാനിന്നലെ നമ്മുടെ രവിയെ കണ്ടിരുന്നു. ഞാനിതു സൂചിപ്പിച്ചിട്ടുമുണ്ട്. അവൻ മാനേജരായി ജോലി ചെയ്യുന്ന ഹോട്ടലിൽ എന്തെങ്കിലും തരമാക്കാമെന്ന് പറയുകയും ചെയ്തു".

"ഇവിടിപ്പോ, വന്നിട്ടെത്ര നാളായി..."

എല്ലാം കേട്ടുകൊണ്ടിരുന്ന ഭാര്യ പറഞ്ഞു.

"നല്ലതാ. ഇവിടെ ഇങ്ങനെ വെറുതെ ഇരിക്കുന്നതിലും..."

അവർ കറിക്കരിയുന്നതിൽ നിന്ന് തലയുയർത്തി.

"എങ്കിൽ ഞാനൊരു കാര്യം പറയട്ടെ, ആദ്യം കിട്ടുന്ന ശമ്പളം എനിക്ക് തരണം".

എന്തോ മനസിലുദ്ദേശിച്ചിട്ടെന്ന പോലെ അവർ പറഞ്ഞു.

"തരാം..."

അയാൾ ആവേശത്തോടെ പറഞ്ഞു.

മൂത്ത മകന്റെ കുട്ടിയുടെ പഠനത്തിന് വേണ്ടി ടൗണിൽ വാടകവീട്ടിലേക്കു താമസം മാറിയതായിരുന്നു രണ്ടുപേരും. ഭാര്യ ചുറ്റുപാടുമായി വേഗത്തിൽ ഇണങ്ങിയെങ്കിലും അയാൾ തീർത്തും ഒറ്റപ്പെട്ടു നിൽക്കുകയായിരുന്നു. അവർ എപ്പോഴും അങ്ങനെയാണ് എവിടെയും ഏതു സാഹചര്യത്തിലും ഒത്തുപോകും. അങ്ങനെയാണല്ലോ പണ്ട് ഒരു ചെറിയ ഓപ്പറേഷന് മധ്യപ്രദേശിൽ മകന്റെ അടുത്തു പോയി നിന്നപ്പോ. ചികിൽസിക്കാൻ വന്ന പഞ്ചാബി ഡോക്ടറുമായി ഭാഷ മറന്നു പോലും

സംസാരിക്കാൻ കഴിഞ്ഞത്. അവർ അന്ന് മലയാളത്തിലും തിരിച്ച് ഡോക്ടർ ഹിന്ദിയിലും, രണ്ടു പേർക്കും കാര്യങ്ങൾ മനസിലായി. അപ്പോഴും അയാൾ ഒന്നും മിണ്ടാതെ അവിടെ ഇരിക്കുക മാത്രമാണുണ്ടായത്.പറഞ്ഞ പോലെ രവി ജോലി ശരിയാക്കി. മൂവായിരം രൂപ ശമ്പളം. അങ്ങനെ പറയത്തക്ക വലിയ ജോലിയൊന്നുമില്ല. ഹോട്ടലിൽ വരുന്ന താമസക്കാർക്ക് മുറി തുറന്നു കൊടുക്കുക അവരുടെ പേരും അഡ്രസ്സുമൊക്കെ എഴുതി വക്കുക അത്ര തന്നെ.കൂടുതലും അടുത്തുള്ള ക്യാൻസർ ഹോസ്പിറ്റലിലേക്ക് കൂട്ട് വരുന്നവർ ആകും. അല്ലെങ്കിൽ അമ്പലത്തിൽ തൊഴാൻ വരുന്നവർ.എന്തായാലും അയാൾ കൃത്യമായി ജോലിക്കു പോകുവാൻ തുടങ്ങി.ഉച്ചക്കുള്ള ഊണും ചായക്കുള്ളതും ഊണ് കഴിഞ്ഞു കഴിക്കാനുള്ള മരുന്നുമെല്ലാം അവർ കൃത്യമായി വേറെ വേറെ പൊതിഞ്ഞു അയാൾക്ക് കൊടുത്തയച്ചു. അയാൾ റോഡിലേക്കെത്തുന്നവരെ അവർ ഉമ്മറത്തു നോക്കി നിന്നു. ഉത്സാഹത്തോടെ അയാൾ ദിവസവും ജോലിചെയ്തു.

അവർ ആലോചിക്കുകയായിരുന്നു.

ഇതിപ്പോ എല്ലാം അവസാനിക്കാറായ സമയത്ത്... ഭർത്താവിലുണ്ടായ മാറ്റം അവർക്ക് പുതുമയുള്ളതായി.

അവർ ജീവിതത്തിൽ ആദ്യമായി പരസ്പരം സ്നേഹിക്കുകയായിരുന്നു.

ഇത്രയും കാലം അയാൾ ജീവിതം തന്റേതായ രീതിയിൽ ആഘോഷിക്കുകയായിരുന്നു. മദ്യപാനവും അതിലൂടെയുള്ള കൂട്ടുകാരും . ഭാര്യയുടെ പേരിലടക്കം ഉണ്ടായിരുന്നതൊക്കെയും കുടിച്ചും ബാക്കി അറിയാത്ത ചില കച്ചവടങ്ങൾ ചെയ്തും... എല്ലാം കഴിഞ്ഞപ്പോൾ നാടും വിട്ടു.

ആദ്യമൊക്കെ അവർ ഇടപെട്ടെങ്കിലും പിന്നീട് അയാളുടെ കാര്യങ്ങൾ തിരക്കുവാനോ ഉപദേശിക്കുവാനോ പോയില്ല. അവർ മക്കളെ വളർത്തി അവരുടെ കാര്യങ്ങൾ ചെയ്തു തീർക്കാനുള്ള ഓട്ടത്തിലുമായിരുന്നു.

അവർ ചിരിച്ചു കൊണ്ട് അകത്തേക്ക് കയറി.

മക്കൾ വിളിക്കുമ്പോളൊക്കെ അച്ഛൻ ജോലിക്കു പോകുന്ന വിശേഷങ്ങൾ അവർ ആവേശത്തോടെ പറഞ്ഞു. ആദ്യമൊക്കെ അവർ ഇതിപ്പോ വേണമായിരുന്നോ എന്ന് ചോദിച്ചെങ്കിലും പിന്നീട് എതിർത്തില്ല.

ആദ്യശമ്പളം കിട്ടിയ ദിവസം അയാൾ നേരത്തെ വീട്ടിലേക്കെത്തി. വീട്ടിൽ കയറാൻ പോലും നില്ക്കാതെ രണ്ടുപേരും ഓട്ടോപിടിച്ച് ടൗണിൽ പോയി. കിട്ടിയ മൂവായിരത്തിനു മുഴുവനായും അവർ ഒരു സാരി വാങ്ങി. അവരുടെ ആവേശം കണ്ടു കടയിൽ നിൽക്കുന്ന പെൺകുട്ടികൾ പരസ്പരം നോക്കി ചിരിച്ചു.

ഒരു രൂപ പോലും അവർ അയാൾക്കതിൽ നിന്ന് കൊടുക്കുകയോ വേണമോയെന്നുന്നു ചോദിക്കുകയോ ഉണ്ടായില്ല. എങ്കിലും അയാൾ ഒന്നും മിണ്ടിയില്ല. തിരിച്ചുള്ള യാത്രയിൽ അവർ അയാളോട് പറഞ്ഞു.

"ഇത് ഞാൻ നമ്മുടെ കല്യാണം കഴിഞ്ഞ നാളിൽ ഒന്ന് നിങ്ങളുടെ കൈകൊണ്ടു കിട്ടണം എന്നാഗ്രഹിച്ചതാ".

"പത്തു മുപ്പത്തഞ്ചു കൊല്ലം കഴിഞ്ഞിട്ടാണെങ്കിലും അത് നടന്നു." വടക്കുന്നാഥനെ തിരിഞ്ഞു ഓട്ടോ പോയപ്പോൾ അവർ സാരിയുടെ കവറും കൂട്ടി തൊഴുതു.

"ഒരു കാര്യം കൂടി... അടുത്ത മാസത്തെ ശമ്പളം കൂടി എനിക്കു തരണം. ഒരു ചെറിയ മോതിരം വാങ്ങണം. ഒരു ഗ്രാമായാലും മതി. പിന്നെ നിങ്ങൾ എന്ത് വേണേലും ചെയ്യോ, ഞാൻ ചോദിക്കില്ല".

"തരാം... അയാൾ പറഞ്ഞു".

അയാൾ എന്തെന്നില്ലാത്ത ആത്മസംതൃപ്തിയിലും സന്തോഷത്തിലുമായിരുന്നു.

നാളിത്രയും ഇല്ലാത്ത ഒരു ജീവിതത്തിലേക്ക് കടക്കുകയായിരുന്നു അവർ. രണ്ടുപേരും മക്കളോടൊക്കെ ദിവസവും ഫോൺ ചെയ്യും. അയാളെ ചുറ്റുവട്ടത്തൊക്കെ കൊണ്ട് നടന്നു പരിചയപ്പെടുത്തിയും, ഇഷ്ടമുള്ളതൊക്കെ രണ്ടുപേരും പാചകം ചെയ്യും. അങ്ങനെ അങ്ങനെ...

അടുത്ത മാസത്തെ ശമ്പളത്തിനായി അവരെക്കാൾ അയാൾ ദിവസമെണ്ണിത്തുടങ്ങി.

"എന്ത് പറ്റി. കിടക്കാൻ നേരത്ത് ഈയിടെയായി തുടങ്ങിയ ഒരു സംഭവമാണല്ലോ ഇത്".

ചെവിക്കു താഴെയായി ടൈഗർ ബാം പുരട്ടിക്കൊണ്ടിരുന്ന കൊണ്ടിരിക്കുന്ന ഭാര്യയോട് അയാൾ തമാശയായി ചോദിച്ചു.

"കുറേക്കാലമായതാ, ഇവിടെ ചെറുതായൊരു തടിപ്പ്. അതിപ്പോ വേദന കുറച്ചു കൂടുന്നു. വൈകുന്നേരം ആകുമ്പോ പ്രത്യേകിച്ചും".

എന്തോ ആലോചിച്ചിട്ടെന്ന പോലെ അയാൾ പറഞ്ഞു

"ശമ്പളം കിട്ടാൻ കാത്തു നിക്കണ്ട നാളെ മക്കളെ ആരേലും വിളിച്ചു പറഞ്ഞു ഡോക്ടറെ കാണാം. ഞാൻ നാളെ ലീവ് എടുക്കാം. ഒരുമിച്ചു പോകാം."

അവർ അയാളെ തന്നെ നോക്കിയിരുന്നു. പിന്നെ ചിരിച്ചു, വേദനയോടെ.

"നിങ്ങൾ ജോലിക്കു പൊക്കോ ഹോസ്പിറ്റൽ ഇവിടെ അടുത്തല്ലേ. ഞാൻ തന്നെ പൊക്കോളാം."

ഭക്ഷണം പൊതിഞ്ഞു വച്ച് കൊണ്ട് അവർ പറഞ്ഞു.

പരിചയമുള്ള ഡോക്ടറായിരുന്നു. പരിശോധകൾ കഴിഞ്ഞു ഡോക്ടർ പറഞ്ഞു.

"ഇത് വലിയ കാര്യമാക്കേണ്ട, വച്ചോണ്ടിരുന്നാൽ കൂടും. നമുക്കതങ്ങ് കീറിയേക്കാം. വെറുതെയെന്തിനാ വേദന സഹിക്കുന്നെ".

വേറൊന്നു ആലോചിക്കാത്ത ശീലമുള്ള അവർ ഭർത്താവിനെ വിളിച്ചു പറഞ്ഞു.

"ഞാൻ... ഇവിടെ അഡ്മിറ്റ് ആകുകയാണ് നാളെ അതങ്ങ് കീറിയേക്കാം ചെറിയ ഓപ്പറേഷൻ ആണെന്നാണ് ഡോക്ടർ പറഞ്ഞത്. വരുമ്പോൾ ആ ഫ്ലാസ്കും ഒരു വിരിയും എടുത്തുകൊണ്ടു പോരെ".

വൈകുന്നേരത്തിനുള്ള ഭക്ഷണവും പറഞ്ഞ സാധനങ്ങളുമായി അയാൾ ഹോസ്പിറ്റലിൽ വന്നു. അയാൾ ആകെ അസ്വസ്ഥനായിരുന്നു. എങ്കിലും അവർ പതിവുപോലെ ചിരിച്ചു സംസാരിച്ചു. മൂത്ത മകൻ രണ്ടു ദിവസം കഴിഞ്ഞേ എത്തുവൊള്ളൂ, വന്നിട്ട് മതി ആരുമില്ലാതെ ചെയ്യേണ്ട എന്ന് പറഞ്ഞു. ആരും വരണ്ട വലിയ കാര്യമൊന്നുമില്ല എന്നവർ നിർബന്ധിച്ചു പറഞ്ഞെങ്കിലും മകൻ സമ്മതിച്ചില്ല.

ഓപ്പറേഷൻ കഴിഞ്ഞു. ഏറിയാൽ ഒരു മണിക്കൂർ ഉണ്ടായിക്കാണും. ഒരു കുഴപ്പവുമുണ്ടായില്ല. രണ്ടു മണിക്കൂർ ഒബ്സെർവേഷൻ കഴിഞ്ഞു മുറിയിലേക്ക് കൊണ്ട് വരും എന്നറിയിച്ചു.

അയാൾ ആകെ ഇരിപ്പുറക്കാതെ മുറിയിലും വരാന്തയിലുമായി നടന്നു. പേടിക്കണ്ട കുഴപ്പമൊന്നുമില്ല എന്ന് മകൻ അടുത്ത് ചെന്ന് പറഞ്ഞു.

അയാൾ മകന്റെ മുഖത്തേക്ക് നോക്കി. അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. "എന്നാലും കഴുത്തിലല്ലേ". അയാളുടെ തൊണ്ടയിടറി.

ഒരു കുഴപ്പവുമുണ്ടായില്ല, അവരെ റൂമിലേക്ക് കൊണ്ട് വന്നു. കുറച്ചു ബന്ധക്കാരും അവരുടെ കുട്ടികളുമൊക്കെ വന്നിട്ടുണ്ട്. എല്ലാവർക്കും പുറകിൽ അയാൾ ഭാര്യയോട് സംസാരിക്കാൻ ഊഴം കാത്തു നിന്നു. ആളുകൾക്കിടയിലൂടെ അവർ അയാളെ നോക്കി പുഞ്ചിരിച്ചു.

ആളൊഴിഞ്ഞപ്പോൾ അവർ അയാളോട് പറഞ്ഞു.

"ഒന്ന് വീട്ടിൽ പോയി വന്നോളൂ, രണ്ടു ദിവസമായില്ലേ... മുണ്ടും ഷർട്ടുമൊക്കെ മുഷിഞ്ഞു, ഇവിടെ ഇപ്പൊ മോനുണ്ടല്ലോ. വരുമ്പോൾ എനിക്കിടാനുള്ള ഒരു ഉടുപ്പും എടുത്തുകൊണ്ടു പോരെ"

അവരുടെ ശബ്ദം വേദനയോടെ നേർത്തിരുന്നു.അയാൾ അവരുടെ അടുത്തു വന്നിരുന്നു. അവരുടെ കയ്യിൽ മെല്ലെ തലോടി, അങ്ങനെയൊന്നും അയാൾ ഇതേവരെ പെരുമാറിയിട്ടില്ലായിരുന്നു. അവർ അയാളെത്തന്നെ നോക്കി ഇരുന്നു.അയാൾ തുടർന്നു."ഇന്നലെ ശമ്പളം കിട്ടുന്ന ദിവസമായിരുന്നു. ഞാൻ പോയി അതും കൂടി വാങ്ങി ഇങ്ങോട്ടു തന്നെ വരാം, ഡിസ്ചാർജ് ആയിട്ട് നമുക്കൊരുമിച്ചു പോകാം മോതിരം വാങ്ങാൻ. എന്തായാലും ഞാൻ ഒറ്റയ്ക്ക് വീട്ടിൽ കിടക്കുന്നില്ല. വേഗം വരാം".

അയാൾ ധൃതിയിൽ ഇറങ്ങി.അയാൾ പോയ വഴിക്ക് നോക്കി അവർ ഇരുന്നു. മകൻ, വാങ്ങി വന്ന ഓറഞ്ച് ഓരോ അല്ലിയായി അമ്മക്ക് കൊടുത്തു. അവർ വളരെ സന്തോഷത്തിലായിരുന്നു. അച്ഛനെ പറ്റി അവർ ഒരുപാടു സംസാരിച്ചു. താഴെ സമരപ്പന്തലിൽ കപ്പയും ചമ്മന്തിയും സമരക്കാർക്ക് വച്ച് കൊടുക്കുന്നത് ജനാലകൾക്കിടയിലൂടെ അവർ കണ്ടു.

"നമുക്കും കുറച്ചു വാങ്ങിയാലോ മോനെ"?

"അതിനെന്താ അമ്മെ ഞാൻ വാങ്ങി വരാല്ലോ".

അതും വാങ്ങി കുറച്ച് കഴിച്ചു, കണ്ടാൻ വന്നവർക്കും അവർ തന്നെ പകുത്തുകൊടുത്തു. 'അധികം കഴിക്കണ്ട ചെറുതാണെങ്കിലും കഴുത്തിലല്ലേ മുറിവ്', മകൻ പറഞ്ഞു. അവർ അനുസരിക്കുകയും ചെയ്തു.

"അതെ ചെറുതായി ഒരു ബുദ്ധിമുട്ടുണ്ട് കഴിക്കുന്നതിനും. ഗ്യാസ് കയറിയോന്നൊരു സംശയം, ചെറിയൊരു നെഞ്ച് വേദന തോന്നുന്നുണ്ട് ". വേദന കടിച്ചമർത്തി അവർ പറഞ്ഞു.

ഡോക്ടറെ വിളിക്കട്ടേയെന്ന് മകൻ ചോദിച്ചെങ്കിലും,

കുറച്ച് കഴിയട്ടെ എന്നവർ പറഞ്ഞു.

"അച്ഛൻ എവിടെയെത്തി എന്നൊന്ന് വിളിച്ച് ചോദിക്ക്. രാത്രിയായില്ലേ".

അമ്മക്ക് വേദന കൂടി വരുന്നുണ്ടായിരുന്നു.

"നീ ഡോക്ടറെ ഒന്ന് വിളിക്ക്, ഇത് സഹിക്കാൻ പറ്റുന്നില്ല"

അയാൾ ഡോക്ടറെ വിളിക്കാനായി പുറത്തേക്കിറങ്ങി. ഡോക്ടറുമായി വരുമ്പോഴേക്കും അവർക്കു വേദന സഹിക്കാവുന്നതിലും അധികമായിരുന്നു.

ഉടൻ ഇന്റെൻസീവ് കെയറിലേക്കു മാറ്റി.

"അച്ഛനോട് വേഗം വരാൻ പറയൂ"

സ്ട്രെച്ചറിൽ കിടന്നുകൊണ്ട് അവർ മകനോടായി പറഞ്ഞു.

ഉടൻ അച്ഛനെ വിളിക്കുകയും ചെയ്തു. അമ്മയെ ഉടൻ ഓപ്പറേഷൻ തീയേറ്ററിലേക്ക് മാറ്റണം എന്തോ ഒരു കോംപ്ലിക്കേഷൻ കാണിക്കുന്നുണ്ടെന്ന് നഴ്സ് മകനോട് പറഞ്ഞു.

അയാൾ തിരിച്ചെത്തിയപ്പോഴേക്കും എല്ലാം അവസാനിച്ചിരുന്നു.

മകൻ മുറിക്കു പുറത്തു നിന്ന് കരയുന്നുണ്ടായിരുന്നു.

കൂട്ടം കൂടി നിന്നവരിൽ ചിലർ ഡോക്ടർക്ക് പറ്റിയ അബദ്ധം ആയിരുന്നു എന്ന് പറയുന്നുണ്ടായിരുന്നു.

അയാൾ അവിടെ നിന്നും ഇറങ്ങി നടന്നു.

രണ്ടാം മാസത്തെ ശമ്പളം അയാൾ ചുരുട്ടി കയ്യിൽ പിടിച്ചിരുന്നു.

അവർ പരസ്പരം സ്നേഹിച്ചു തുടങ്ങിയിട്ടേയുണ്ടായിരുന്നുള്ളു.



**ANNMOL SABU**
**IX-H**

# കേരളത്തിലെചുമർ ചിത്രങ്ങൾ



കേരളത്തിലെ പഴയ ക്ഷേത്രങ്ങളുടെയുംകൊട്ടാരങ്ങളുടെയും പള്ളികളിലെയും ചുവർചിത്രങ്ങൾ-- ചുമർച്ചിത്രങ്ങൾ - ദ്രാവിഡചിത്രരചനാ രീതിയുടെ പിൻതുടർച്ചയാണ്. ആന്ധ്രയിലെയും തമിഴ്നാട്ടിലെയും ചുവർചിത്രങ്ങളുടെ പ്രതലവുമായി കേരളീയ ചുവർചിത്ര പ്രതലങ്ങൾക്ക് നല്ല സാദൃശ്യമുണ്ട്. ചുവർച്ചിത്രങ്ങൾ അഖ്യാനത്തിലും ആലേഖനത്തിലും ഒരു പ്രത്യേക ശൈലി ആവിഷ്കരിച്ചിട്ടുണ്ട്.അവയുടെ രചനാ സങ്കേതങ്ങൾ ഒറ്റനോട്ടത്തിൽ തിരിച്ചറിയനാവും. ഉപയോഗിക്കുന്ന നിറക്കൂട്ടുകളുടെ സവിശേഷതയും ഇതിനൊരു കാരണമാണ്. ഇന്ന് ചുവർച്ചിത്രങ്ങളുടെ ശൈലിയിൽ ചിത്രങ്ങൽ വരക്കുന്ന രീതി പ്രചാരത്തിൽ വന്നിട്ടുണ്ട്. വരകളുടെ കൃത്യത, വർണ്ണസങ്കലനം, അലങ്കാരങ്ങൾക്ക് കൊടുക്കുന്ന പ്രാധാന്യം, വികാരാവിഷ്കാരത്തിലെ ശ്രദ്ധ ഇവ കേരളീയ ചുവർ ചിത്രങ്ങളുടെ പ്രത്യേകതയാണ്. കേരളീയ ചുവർചിത്രങ്ങൾക്ക് സൂക്ഷ്മതയും ഭാവതീവ്രതയും വർണ്ണവൈവിധ്യവും ലഭിച്ചത് 8-ാം നൂറ്റാണ്ട് മുതലുള്ള കാലഘട്ടത്തിലാണ്. ആരാധനമൂർത്തികളായ ദേവീദേവന്മാരുടെയും, അവരുടെ ജീവിത സന്ദർഭങ്ങളുമാണ് മിക്കവാറും ചിത്രങ്ങൾ പ്രമേയമാക്കിയത്. ശിവൻ, വിഷ്ണു, ഗണപതി, സുബ്രഹ്മണ്യൻ, കുതിരപ്പുറത്ത് ആരൂഢനായ അയ്യപ്പൻ, പരമേശ്വരതാണ്ഡവം, ദക്ഷിണാ മൂർത്തി, അഘോരശിവൻ, ഭൈരവൻ, ഋഷികളുടെയും മനുഷ്യരുടെയും ദേവാരാധന, സാധാരണ മനുഷ്യരുടെ ഭക്തി, കിരാതർജ്ജുനീയം, മാർക്കണ്ഡേയ പുരാണം തുടങ്ങിയ ശൈവകഥകളുടെ ആവിഷ്കാരം ഇവയും ചിത്രീകരണ വിഷയങ്ങളിൽ ഉൾപ്പെടുന്നു.



**ANJANA BOSE**

**IX-D**




# English language

**English** is a West Germanic language that was first spoken in early medieval England and eventually became a global *lingua franca*.It is named after the Angles, one of the Germanic tribes that migrated to the area of Great Britain that later took their name, as England. Both names derive from Anglia, a peninsula in the Baltic Sea. The language is closely related to Frisian and Low Saxon, and its vocabulary has been significantly influenced by other Germanic languages, particularly Norse (a North Germanic language), and to a greater extent by Latin and French.English has developed over the course of more than 1,400 years. The earliest forms of English, a group of West Germanic (Ingvaeonic) dialects brought to Great Britain by Anglo-Saxon settlers in the 5th century, are collectively called Old English. Middle English began in the late 11th century with the Norman conquest of England; this was a period in which the language was influenced by French. Early Modern English began in the late 15th century with the introduction of the printing press to London, the printing of the King James Bible and the start of the Great Vowel Shift.Modern English has been spreading around the world since the 17th century by the worldwide influence of the British Empire and the United States. Through all types of printed and electronic media of these countries, English has become the leading language of international discourse and the *lingua franca* in many regions and professional contexts such as science, navigation and law. English is the largest language by number of speakers,[10] and the third most-spoken native language in the world, after Standard Chinese and Spanish. It is the most widely learned second language and is either the official language or one of the official languages in almost 60 sovereign states. There are more people who have learned it as a second language than there are native speakers. It is estimated that there are over 2 billion speakers of English.English is the majority native language in the United States, the United Kingdom, Canada, Australia, New Zealand and the Republic of Ireland, and it is widely spoken in some areas of the Caribbean, Africa and South Asia. It is a co-official language of the

